## അല്ലാഹുവിന്റെ വചനം

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ

هُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡهُدٰی وَالۡفُرۡقَانِ ۚ

فَمَنۡ شَهِدَ مِنۡکُمُ الشَّهۡرَ فَلۡیَصُمۡهُ (بقرہ:186)

‘സമസ്ത മനുഷ്യർക്കും സന്മാർദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.’(2:186)

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُهٗ وَنُصَلِّیۡ عَلٰی رَسُوۡلِهِ الۡکَرِیۡمِ وَعَلٰی عَبۡدِهِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰهُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّةٌ

വാല്യം 8

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 17

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ഏപ്രിൽ 27/ ഹി.ശം 1402 ശഹാദത്ത് 27/ ഹി:ഖ 1444 ശവ്വാൽ 6

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### നോമ്പു തുറക്കുന്നതിന് മുമ്പേയും പിമ്പേയുമുള്ള ദുആ:

ഹദ്റത്ത് മുആദ് ബിൻ സഹ്റ വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി നോ മ്പു തുറക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്തിരുന്നു. *അല്ലാഹുമ്മ ലക്ക സ്വുംതു വഅലാ രിസ്ഖിക്ക അഫ്ത്വർത്തു.* അല്ലാഹുവേ!ഞാൻ നിന്റെ തൃപ്തിക്കുവേണ്ടി നോമ്പുനോറ്റു. നീ നല്കിയിരിക്കുന്ന രിസ്ഖ് കൊണ്ടു ഞാൻ നോമ്പു തുറക്കുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) വിവരിക്കുന്നു: നബി(സ) തിരുമേനി നോമ്പു തുറന്നതിനു ശേഷം ഇങ്ങനെ ദുആ ചെയ്തിരുന്നു, ദഹബള്ളമഉ വബ്ത്തല്ലത്തിൽഉറൂഖു വ ഥബത്തൽ അജ്റു ഇൻശാഅ അല്ലാഹു ദാഹം അകന്നു. കുടലുകൾ ശീതളമായി. അല്ലാഹു ഇച്ഛിച്ചാൽ പ്രതിഫലം ഉറച്ചു. അതായത് ഇൻശാഅല്ലാഹ് അതിന്റെ പ്രതിഫലം തീർച്ചയായും ലഭിക്കുന്നതാണ്.(അബൂദാവൂദ് കിതാബു സ്സ്വിയാമി, ബാബു അൽഖൗലു യിൻദൽ ഇത്ഫാരി)

## നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

ജുമുഅ ഖുത്ബ 2023 മാർച്ച് 24 (സമ്പൂർണ തർജമ)

ഈദുൽ ഫിത്വ്ർ ഖുത്ബ 2019 ജൂൺ 5/1398 ഇഹ്സാൻ 5

**തന്റെ ആത്മാവിന്റെ മേൽ അനുകമ്പ കാണിക്കാതിരിക്കേണ്ടത് മനുഷ്യന് നിർബന്ധമാണ്. പ്രത്യുത അല്ലാഹു നേരിട്ട് അവന്റെ ആത്മാവിനുമേൽ അനുകമ്പ കാണിക്കണം. കാരണം തന്റെ ആത്മാവിനുമേലുള്ള മനുഷ്യന്റെ അനുകമ്പ അവന് നരകമാണ്. അല്ലാഹുവിന്റെ അനുകമ്പ സ്വർഗമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"ഇതു അതിസൂക്ഷ്മമായൊരു കാര്യമാണ്, ആരെങ്കിലും (തന്റെ ആത്മാവിന്റെ അലസത കൊണ്ട്)നോമ്പെടുക്കുന്നത് വിഷമമുണ്ടാക്കുമെന്നും താൻ രോഗിയാകുമെന്നും ഒരുനേരം ഭക്ഷണം കഴിച്ചില്ലെങ്കിൽ ഇന്നയിന്ന ബുദ്ധിമുട്ടുകൾ തനിക്കുണ്ടാകുമെന്നും അതുണ്ടാകുമെന്നും ഇതുണ്ടാകുമെന്നും വിചാരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ നിഅ്മത്തിനെ സ്വയമേവ തന്റെമേൽ പ്രയാസമുള്ളതാക്കുകയാണ് ചെയ്യുന്നത്. അയാൾ എപ്പോൾ ഈ പുണ്യത്തിന് അർഹനാകാനാണ്? റമളാൻ വന്നുവെന്നും താനത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നുവെന്നും നോമ്പു പിടിക്കുമെന്നും കരുതിയ വ്യക്തി പെട്ടെന്ന് രോഗബാധിതനായ കാരണത്താൽ നോമ്പു പിടിക്കാൻ സാധിക്കാതെ വന്നാൽ അയാൾ ദൈവസന്നിധിയിൽ നോമ്പിൽനിന്ന് പിന്തള്ളപ്പെട്ടവനാകുകയില്ല. ഈ ലോകത്ത് ഒരുപാടാളുകൾ വഞ്ചകരാണ്. തങ്ങൾ ഏതു രീതിയിലാണോ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്നത് അതേ രീതിയിൽ അല്ലാഹുവിനേയും വഞ്ചിക്കാൻ കഴിയുമെന്ന് അവർ കരുതുന്നു. വഞ്ചകർ സ്വയമേവ കാര്യങ്ങൾ കീറി മുറിക്കുകയും ഔപചാരികത്വങ്ങൾ ഉൾപ്പെടുത്തി അക്കാര്യങ്ങളെ ശരിയായി അവരിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, അല്ലാഹുവിന്റെ പക്കൽ അതു ശരിയല്ല. ഔപചാരികത്വത്തിന്റെ വാതിൽ വളരെ വിശാലമാണ്. മനുഷ്യനാഗ്രഹിക്കുകയാണെങ്കിൽ അതു(ഔപചാരികത്വം)മുഖേന ആയുസ്സുമുഴുവൻ ഇരുന്ന് നമസ്കരിക്കാൻ അവനു കഴിയും. റമളാനിലെ നോമ്പ് പിടിക്കാതിരിക്കാനും കഴിയും. എന്നാൽ, അല്ലാഹു അവന്റെ നിയ്യത്തും തീരുമാനവും അറിയുന്നു. ആരാണ് സത്യസന്ധതയും ആത്മാർഥതയും ഉൾക്കൊള്ളുന്നതെന്ന്. അവന്റെ മനസ്സിൽ വേദനയുണ്ടോ എന്ന് അല്ലാഹു അറിയുന്നു. അല്ലാഹു അവന് പ്രതിഫലത്തെക്കാളധികം നല്കുന്നു. കാരണം വേദനയുള്ള ഹൃദയം വിലപിടിപ്പുള്ള ഒരു വസ്തുവാണ്. വഞ്ചകൻ വ്യാഖ്യനങ്ങളിലാണ് ചാരിയിരിക്കുന്നത്. ഞാൻ ആറു മാസം നോമ്പു നോറ്റപ്പോൾ ഒരിക്കൽ നബിമാരുടെ ഒരു സംഘത്തെ(ദർശനത്തിൽ)എനിക്കു കിട്ടി. അവർ ചോദിച്ചു: നീ എന്തിനാണ് നിന്റെ ശരീരത്തെ ഇത്രമാത്രം പ്രയാസ

(ശേഷം പേജ് 8 ൽ)

**നോമ്പിന്റെ ഒരു ആത്മീയ നേട്ടം മനുഷ്യന് അല്ലാഹുവുമായി ഉന്നതനിലയിലുള്ള ചേർച്ച ഉണ്ടാകുന്നു എന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് മുസ്ഌലിഹ് മൗഊദ്(റ) പറയുന്നു: "നോമ്പുകളുടെ ഒരു ആത്മീയമായ നേട്ടം ഇതുംകൂടിയുണ്ട്. അതുമുഖേന മനുഷ്യൻ അല്ലാഹുവുമായി സാദൃശ്യാവസ്ഥ സ്വായത്തമാക്കിയെടുക്കുന്നു. അല്ലാഹുവിന്റെ ഒരു സ്വിഫത്താണ് അഥവാ ഗുണവിശേഷമാണ് അവൻ ഉറക്കത്തിൽനിന്ന് പരിശുദ്ധനാണെന്നത്. മനുഷ്യന് ഉറക്കത്തെ പരിപൂർണമായും ഒഴിവാക്കാൻ കഴിയുകയില്ല. എന്നാൽ, തന്റെ ഉറക്കത്തിന്റെ ഒരു ഭാഗം നോമ്പുകളിൽ അല്ലാഹുവിനുവേണ്ടി അവൻ തീർച്ചയായും ത്യാഗം ചെയ്യുന്നു. ഇടയത്താഴം കഴിക്കാൻ എഴുന്നേൽക്കുന്നു. തഹജ്ജുദ് നമസ്കരിക്കുന്നു. നോമ്പുപിടിക്കാൻ പറ്റാത്ത സ്ത്രീകൾ ഇടയത്താഴം തയ്യാറാക്കുന്നതിനുവേണ്ടി ഉണർന്നിരിക്കുന്നു. കുറച്ചുനേരം ദുആകളിലും കുറച്ചു നമസ്കാരത്തിലും ചെലവഴിക്കേണ്ടിവരുന്നു. ഇപ്രകാരം രാത്രിയിലെ വളരെ കുറച്ചുഭാഗം മാത്രമെ ഉറങ്ങാൻ കിട്ടുകയുള്ളു. ഇപ്രകാരം മനുഷ്യന് അല്ലാഹുവുമായി ഒരു സാദൃശ്യാവസ്ഥ ഉണ്ടാകുന്നു. ഇപ്രകാരംതന്നെ അല്ലാഹു അശനപാനീയങ്ങളിൽനിന്ന് പരിശുദ്ധനാണ്. മനുഷ്യനാണെങ്കിൽ അശനപാനീയങ്ങൾ തികച്ചും അവന് ഉപേക്ഷിക്കാൻ പറ്റുകയില്ല. എന്നിട്ടും റമളാനിൽ അല്ലാഹുവുമായി തീർച്ചയായും ഒരു തരത്തിലുള്ള സാദൃശ്യാവസ്ഥ ഉണ്ടാക്കിയെടുക്കുന്നു. അല്ലാഹു പിന്നീട് നോമ്പുകളുടെ ആത്മീയവർണത്തിൽ മറ്റൊരു നേട്ടവുമുണ്ട്. അതിന്റെ ഫലമായി അല്ലാഹുവിന്റെ വെളിപ്പാട് മനുഷ്യമനസ്സിൽ ഇറങ്ങുന്നു. അവന്റെ കശ്ഫീദൃഷ്ടിയിൽ(ജാഗ്രപരമായ ദൃഷ്ടിയിൽ)കൂടുതൽ തിളക്കവും പ്രകാശവുമുണ്ടാകുന്നു. വാസ്തവത്തിൽ ചിന്തിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ശീലമൊന്നുമല്ലെങ്കിലും അതിൽ അവന്റെ ശീലത്തോടു ഒരു സാദൃശ്യാവസ്ഥ തീർച്ചയായും കാണാൻ കഴിയും. മനുഷ്യനെപോലെ അവന് കണ്ണുകളൊന്നുമില്ല. എന്നാൽ, അവൻ തീർച്ചയായും ബസ്വീറാണ്; സർവദർശിയാണ്. അവന് ചെവിയില്ല. എന്നാൽ, തീർച്ചയായും അവൻ കേൾക്കുന്നവനാണ്. ഇപ്രകാരംതന്നെ അവനിൽ ഒരു ശീലവും കാണുന്നില്ലെങ്കിലും അവൻ ഒരു ജോലി ചെയ്യുമ്പോൾ അത് ആവർത്തിക്കുന്നു എന്നത് തീർച്ചയായും കാണാം. മനുഷ്യനിലും ഇക്കാര്യം കാണാവുന്നതാണ്. ചിലയാളുകൾക്ക് കൈയോ കാലോ ഇളക്കിക്കൊണ്ടിരിക്കുന്ന ശീലമുണ്ട്. അവർ അതിനെ ആവർത്തിച്ച് ഇളക്കിക്കൊണ്ടിരിക്കുന്നു. ശീലം എന്ന് പറയുന്നത് ഏതെങ്കിലും കാര്യം ആവർത്തിച്ച് ചെയ്യുന്നതിനാണ്. ഇക്കാര്യം അല്ലാഹുവിലുമുണ്ട്. അവൻ ഏതെങ്കിലും പ്രത്യേക അവസരത്തിൽ തന്റെ കൃപ ഇറക്കുമ്പോൾ ആ അവസരത്തിൽ ആവർത്തിച്ച് ഇറക്കുന്നു. അല്ലാഹുവിന്റെ ഈ സവിശേഷഗുണമനുസരിച്ചാണ് റമളാൻ മാസത്തിൽ വിശുദ്ധ ഖുർആൻ ഇറങ്ങിയത്. അതുകൊണ്ട് വിശുദ്ധ ഖുർആൻ ഇറങ്ങിയ ഈ റസൂലിനെ അനുധാവനം ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ ശീലത്തോടു സാദൃശ്യാവസ്ഥയുള്ള സ്വിഫത്തനുസരിച്ച് നബി(സ)തിരുമേനിയെ പിന്തുടരുന്നതുകൊണ്ട് ഭൗതികലോകത്തുനിന്ന് അകന്ന ജീവിതം സ്വീകരിച്ചിട്ടുള്ളവരേയും, ലോകത്ത് ജീവിച്ചിട്ടും അതുമായി ബന്ധം വെക്കാത്തവരേയും തിന്നുന്നതിലും കുടിക്കുന്നതിലും ഉറങ്ങുന്നതിലും കുറവു വരുത്തുന്നവരേയും വ്യർഥമായ സംസാരങ്ങളിൽനിന്ന് ഒഴിഞ്ഞു മാറുന്നവരേയും അല്ലാഹു തന്റെ ഇൽ ഹാം കൊണ്ട് അനുഗ്രഹിക്കുന്നു. അവർക്ക് സത്യസ്വപ്നങ്ങളുടേയും ജാഗ്രദർശനങ്ങളുടേയും കവാടം തുറക്കപ്പെടുന്നു. അദൃശ്യമായ രഹസ്യങ്ങൾ അറിയിക്കപ്പെടുകയും ചെയ്യുന്നു."(തഫ്സീറെ കബീർ വാല്യം 2, പേജ് 378)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

"അല്ലാഹുവിൽനിന്ന് ദീനിന്റെ നവീകരണത്തിനും ഭൂമിയിൽനിന്നുയർന്നുപോയ ഈമാനിനെ വീണ്ടും സ്ഥാപിക്കുന്നതിനും അവനിൽനിന്ന് ശക്തിപ്രാപിച്ച് അവന്റെതന്നെ കൈയുടെ ശക്തികൊണ്ട് ലോകത്തെ പരിഷ്കരണത്തിലേക്കും തഖ്‌വായിലേക്കും സന്മാർഗത്തിലേക്കും വലിച്ചു കൊണ്ടുവരുന്നതിനും അവരുടെ വിശ്വാസപരവും കർമപരവുമായ തെറ്റുകളെ അകറ്റുന്നതിനും ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽ വരേണ്ടയാൾ ഞാനാകുന്നു."

**– ഹദ്റത്ത് മസീഹ് മൗഊദ്(അ) –**

"മറ്റൊരു സംഘം വേറേയുമുണ്ട്, അവർ അവസാന കാലത്ത് വെളിപ്പെടുന്നതായിരിക്കും. അവരും ആദ്യം ഇരുട്ടിലും വഴികേടിലുമായിരിക്കും. അറിവിൽനിന്നും യുക്തിജ്ഞാനത്തിൽനിന്നും ദൃഢവിശ്വാസത്തിൽനിന്നും അകലത്തായിരിക്കും. അപ്പോൾ അല്ലാഹു അവരേയും സ്വഹാബാക്കളുടെ വർണത്തിൽ കൊണ്ടുവരുന്നതായിരിക്കും."

"ഏതൊരു അവസ്ഥയിലും മസീഹ് മൗഊദിന്റേയും ഫാർസിയുൽ അസ്വലിന്റേയും കാലവും ഒന്നുതന്നെയാണ്. ജോലിയും ഒന്നുതന്നെയാണ്. അതായത് ഈമാനിനെ വീണ്ടും സ്ഥാപിക്കുക! അതുകൊണ്ട് മസീഹ് മൗഊദ് തന്നെയാണ് ഫാർസിയുൽഅസ്വലെന്ന് ദൃഢപരമായ നിലയിൽ സ്ഥാപിതമായി. അദ്ദേഹത്തിന്റെ ജമാഅത്തിനെ കുറിച്ചാണ് *വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം* എന്ന ആയത്തിൽ പറഞ്ഞിട്ടുള്ളത്."

ഉപര്യുക്ത ആയത്തിൽ പറഞ്ഞിട്ടുള്ള സ്വഹാബാക്കളെപ്പോലുള്ള രണ്ടാമത്തെ സംഘം മസീഹ് മൗഊദിന്റെ സംഘമാണ്. കാരണം ഈ സംഘവും സ്വഹാബത്തിനെപോലെ നബി(സ)തിരുമേനിയുടെ ദിവ്യാത്ഭുതങ്ങൾ കാണുന്നവരാണ്. അന്ധകാരത്തിനും വഴികേടിനും ശേഷം സന്മാർഗം പ്രാപിക്കുന്നവരും *ആഖരീനെ മിൻഹും* എന്ന ആയത്തിൽ–ആ സംഘത്തെ മിൻഹും എന്ന സമ്പത്തുകൊണ്ട്– അതായത് സ്വഹാബത്തിന്റെ സാദൃശ്യാവസ്ഥ എന്ന നിഅ്മത്തിൽനിന്ന് ഭാഗം നല്കപ്പെട്ടിരിക്കുന്നു.

**ബ ഖറാം കെഃ വഖ്ത്തെ തൂ നസ്ദേക് റസീദ്**
**വ പായെ മുഹമ്മദ് യാൻ ബർ മീനാരെ ബുലൻദ് തർ മുഹക്കം ഉഫ്ത്താദ്**

(അർഥം) : അല്ലാഹു എന്നോടു പറഞ്ഞു: 'ആഹ്ലാദിക്കൂ; നിന്റെ സമയം സമീപസ്ഥമായിരിക്കുകയാണ്; മുസൽമാന്മാരുടെ ചിവിട്ടടികൾ ഉത്തുംഗമായ മിനാരത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

അല്ലാഹു എന്നെ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഈമാനിന്റെ നവീകരണത്തിനും ദൈവജ്ഞാനത്തിനുംവേണ്ടി നിയോഗിച്ചിരിക്കുന്നു. അവന്റെ പിന്തുണയും കൃപയുംകൊണ്ട് എന്റെ കൈയിൽ ദൈവികാടയാളങ്ങൾ വെളിപ്പെടുന്നു. അവന്റെ തീരുമാനവും ഉദ്ദേശ്യവുമനുസരിച്ച് ദുആകൾ സ്വീകരിക്കപ്പെടുന്നു.

ഇന്ന് മുസ്‌ലിമീങ്ങൾ വരേണ്ട മസീഹും മഹ്ദിയും വന്നു എന്നും നബി(സ)തിരുമേനിയുടെ യഥാർഥ പ്രേമിയും സേവകനും ഈയാൾത്തന്നെയാണെന്നും ഇയാൾക്ക് ബയ്അത്ത് ചെയ്യേണ്ടത് നബി(സ)തിരുമേനിയുടെ കല്പനയനുസരിച്ച് നിർബന്ധമാണെന്നും തികഞ്ഞ കൂറോടുകൂടി ഇദ്ദേഹത്തിന്റെ ബയ്അത്തിൽ ചേരേണ്ടതാണെന്നുമുള്ള യാഥാർഥ്യം മസ്സിലാക്കുകാണെങ്കിൽ, മുസ്‌ലിമീങ്ങൾക്ക് അദ്ദേഹത്തെ വിശ്വസിച്ച ശേഷം ലോകത്ത് തങ്ങളുടെ ശ്രേഷ്ഠത ഉണ്ടാക്കാനും അല്ലാഹുവിന്റെ കൃപകൾ ആകർഷിച്ചെടുക്കാനും സാധിക്കുന്നതാണ്. ഇല്ലെങ്കിൽ ഇപ്പോഴുള്ള അവരുടെ അവസ്ഥ തന്നെ തുടരുന്നതാണ്. അല്ലാഹു അവർക്ക് ബുദ്ധിയും ഗ്രാഹ്യവും നല്കുമാറാകട്ടെ.

മാർച്ച് 23 അഹ്മദിയ്യ ജമാഅത്തിൽ മസീഹു മൗഊദ് ദിനമായി അറിയപ്പെടുന്നു. നാളെ മാർച്ച് 23 ആകുന്നു. നമ്മൾ ഭാഗ്യവാന്മാരാണ്; നമുക്ക് അല്ലാഹു തന്റെ വാഗ്ദാനങ്ങളും നബി(സ)തിരുമേനിയുടെ പ്രവചനങ്ങളും അനുസരിച്ച് അയക്കപ്പെട്ട കാലത്തിന്റെ ഇമാമിനേയും മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും വിശ്വസിക്കാനുള്ള തൗഫീഖ് പ്രദാനം ചെയ്തു.

മസീഹ് മൗഊദ് ദിനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ സൂറ ജുമുഅയുടെ വ്യാഖ്യാനവും വാഗ്ദത്ത മസീഹിന്റെ കാലത്തു വെളിപ്പെട്ട വിവിധ ദൃഷ്ടാന്തങ്ങളേയും വിവിധ പ്രവചനങ്ങളേയും അതുപോലെതന്നെ മസീഹ് മൗഊദിന്റെ വാദങ്ങളേയും കുറിച്ചുള്ള ചുരുങ്ങിയ വിവരണം.

ആഗോള അഹ്മദിയ്യത്തിനും, പാകിസ്താൻ, ബുർക്കിനോ ഫാസോ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലെ അഹ്മദികൾക്കും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുംവേണ്ടി പ്രാർഥിക്കാൻ ആഹ്വാനം.

അൽഫള്ൽ ഇന്റർനാഷണൽ ദിനപത്രം ആയിട്ടുള്ളതിനാൽ അത് വായിക്കന്നതിനും വരിക്കാരാകുന്നതിനും ആഹ്വാനം. അതുപോലെതന്നെ അൽഫളലിൽ എഴുതുന്നവർക്കുവേണ്ടി ദുആ വാക്യങ്ങൾ.

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 മാർച്ച് 24/1402 അമാൻ 24**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○
هُوَ الَّذِيْ بَعَثَ فِي الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ وَ
اِنْ كَانُوْا مِنْ قَبْلُ لَفِيْ ضَلٰلٍ مُّبِيْنٍ - وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ وَهُوَ الْعَزِيْزُ الْحَكِيْمُ - (الجمعة: 4-3)

അഹ്മദിയ്യ ജമാഅത്തിൽ മാർച്ച് 23 "മസീഹ് മൗഊദു ദിനം" എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇന്നലെ മാർച്ച് 23 ആയിരുന്നു. അല്ലാഹുവിന്റെ വാഗ്ദാന പ്രകാരവും നബി(സ) തിരുമേനിയുടെ പ്രവചന പ്രകാരവും അല്ലാഹു അയച്ച കാലത്തിന്റെ ഇമാമായ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനുള്ള തൗഫീഖ് ലഭിച്ചതിൽ നമ്മൾ സൗഭാഗ്യവാന്മാരാകുന്നു. 1889 മാർച്ച് 23 ന് ലുധിയാനയിൽവെച്ച് അദ്ദേഹം സാത്വികരുടെ കൈയിൽനിന്ന് ആദ്യമായി ബയ്അത്ത് വാങ്ങി. അങ്ങനെ സാത്വികരുടെ ഒരു ജമാഅത്ത് സ്ഥാപിക്കപ്പെട്ടു. ഞാനോതിയ വിശുദ്ധ ഖുർആനിലെ സൂറ ജുമുഅയിലെ ആയത്തിൽ നബി(സ)തിരുമേനിയുടെ സത്യവാനായ സേവകന്റെ ആഗമനത്തെ കുറിച്ചും അദ്ദേഹം മുഖേന സ്ഥാപിതമാകാൻ പോകുന്ന ജമാഅത്തിനെ കുറിച്ചും അറിയിപ്പ് നൽകപ്പെട്ടു. ഇതുകൂടാതെ മസീഹ് മൗഊദിന്റെ ആഗമനത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ വേറെയും ആയത്തുകളുണ്ട്. ഇതുംകൂടാതെ ഹദീഥുകളിലും വരാനിരിക്കുന്ന മസീഹ് മൗഊദിനെ കുറിച്ചും മഹ്ദി മഅ്ഹൂദിനെ കുറിച്ചും പ്രവചനങ്ങളുണ്ട്.

ഇപ്പോൾ ഞാൻ സൂറ ജുമുഅയിലെ ഈ ആയത്തിനെ കുറിച്ചുള്ള വിശദീകരണവും അദ്ദേഹം വരുന്ന കാലഘട്ടത്തെ കുറിച്ച് വിവരിക്കപ്പെട്ട പല അടയാളങ്ങളും മറ്റു പ്രവചനങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദമെന്തായിരുന്നു എന്നതിനെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ചുരുക്കി വിവരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ആയത്തിന്റെ രത്നച്ചുരുക്കം ഇതാകുന്നു.

ജനങ്ങൾ ജ്ഞാനത്തിൽനിന്നും യുക്തിയിൽ നിന്നും അകന്നിരിക്കുകയും മനുഷ്യന്റെ പരിപൂർണതയ്ക്ക് അനിവാര്യമായ ധാർമിക യുക്തികളുടെ അറിവും മനുഷ്യമനസ്സുകൾ വൈജ്ഞാനികവും കർമപരവുമായ പരിപൂർണതയിലെത്താനുള്ള കാര്യങ്ങളിൽനിന്ന് അകറ്റപ്പെടുകയും മനസ്സിന്റെ പരിഷ്കരണത്തിന് ആവശ്യമായ എല്ലാ സംഗതികളും കഴിഞ്ഞുപോകുകയും ജനങ്ങൾ വഴികേടിൽ ആപതിക്കുകയും അതായത് നേരായ മാർഗത്തിൽനിന്ന് ബഹുദൂരം അകന്നു പോകുകയും ചെയ്ത സമയത്ത് തന്റെ റസൂലിനെ നിയമിച്ചവനാകുന്നു ആ അല്ലാഹു. അതായത് അത്തരം സന്ദർഭത്തിൽ അല്ലാഹു തന്റെ നിരക്ഷരനായ പ്രവാചകനെ അയക്കുകയും ആ റസൂൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്തു. അതായത് അടയാളങ്ങളും അത്ഭുതങ്ങളും മുഖേന അനുഭവജ്ഞാനത്തിന്റെ തലം വരെ എത്തിക്കുകയും ദൈവത്തെ തിരിച്ചറിയാനുള്ള പ്രകാശത്താൽ അവരുടെ ഹൃദയങ്ങളെ പ്രകാശിതമാക്കുകയും ചെയ്തു." തുടർന്ന് പറയുന്നു: "ഇനി ഒരു വിഭാഗം കൂടിയുണ്ട്. അത് അവസാന കാലഘട്ടത്തിൽ വെളിപ്പെടുന്നതാണ്. ആദ്യം അവർ അന്ധകാരത്തിലും വഴികേടിലുമായിരിക്കും. അറിവും അവർക്ക് യുക്തിയും ദൃഢബോധവും ഉണ്ടായിരിക്കുന്നതല്ല. അപ്പോൾ അല്ലാഹു അവർക്കും സ്വഹാബാക്കളുടെ വർണം നൽകും. അതായത് സ്വഹാബാക്കൾ കണ്ടതൊക്കെ അവരും കാണുമാറാകും. എത്രത്തോളമെന്നാൽ, അവരുടെ സത്യസന്ധതയും അനുഭവജ്ഞാനവും സ്വഹാബാക്കളുടേതുപോലെയായിത്തീരും. സ്വഹീഹായ ഹദീഥുകളിൽ പറയുന്നു: "നബി(സ)തിരുമേനി ഈ ആയത്ത് വിശദീകരിക്കുമ്പോൾ സൽമാനുൽഫാരിസിയുടെ ചുമലിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: *ലവ് കാനൽ ഈമാനു മുഅല്ലഖൻ ബി ഥ്ഥുറയ്യ ലനാലഹു റജുലുൻ മിൻ ഫാരിസ്.* അതായത് വിശ്വാസം കാർത്തികനക്ഷത്രത്തിലേക്ക് അഥവാ ആകാശത്തേക്ക് കയറിയാലും ഒരു ഫാർസി വംശജനായ വ്യക്തി അതിനെ തിരികെ കൊണ്ടുവരുന്നതാണ്. ഇത് വ്യക്തമായും സൂചന നൽകുന്നതെന്തെന്നാൽ അവസാന കാലഘട്ടത്തിൽ പേർഷ്യൻ വംശജനായ ഒരു വ്യക്തി ജനിക്കുന്നതായിരിക്കുമെന്നാണ്. ആ കാലഘട്ടത്തെ സംബന്ധിച്ച് പറയുന്നു. വിശുദ്ധ ഖുർആൻ ആകാശത്തേക്ക് ഉയർത്തപ്പെട്ടിരിക്കും. ഈ കാലം തന്നെയാണ് വാഗ്ദത്ത മസീഹിന്റെ കാലഘട്ടം. വിശ്വാസം ഉയർന്നു പോകുകയും ഖുർആൻ ആകാശത്തു പോകുകയും ചെയ്യുന്നതിന്റെ അർഥമെന്തെന്നാൽ, അതു പ്രകാരമുള്ള കർമങ്ങൾ അവസാനിച്ചിട്ടുണ്ടാകും. അതുതന്നെയാണ് വാഗ്ദത്ത മസീഹിന്റെ ആഗമന കാലഘട്ടം. ഈ പേർഷ്യൻ വംശജന്റെ പേരുതന്നെയാണ് മസീഹ് മൗഊദ് എന്നതും. കാരണം, കുരിശിന്റെ ആക്രമണത്തെ ഇല്ലാതാക്കുന്നതിനാണ് വാഗ്ദത്ത മസീഹ് വരേണ്ടത്. അവരുടെ ആക്രമണം വിശ്വാസത്തിനുമേലാകുന്നു. ഈ എല്ലാ അടയാളങ്ങളും കുരിശിന്റെ ആക്രമണകാലഘട്ടവുമായി വിവരിക്കപ്പെട്ടതാണ്. പറയുന്നു: ഈ ആക്രമണം ജനങ്ങളുടെ വിശ്വാസത്തിൽ വലിയ ദുഷ്പ്രഭാവം ഉണ്ടാക്കുന്നതായിരിക്കും. ഈ ആക്രമണത്തെ മറ്റു വാക്കുകളിൽ ദജ്ജാലി ആക്രമണം എന്നും പറയുന്നു. ഗ്രന്ഥങ്ങളിൽ പറയുന്നു: "ദജ്ജാലിന്റെ ആക്രമണ സമയത്ത് നിരവധി വിവരദോഷികൾ ഏകനായ ദൈവത്തെ ഉപേക്ഷിക്കുന്നതാണ്. നിരവധി ആളുകളുടെ വിശ്വാസത്തോടുള്ള സ്നേഹം മരവിച്ചുപോകുന്നതാണ്. വാഗ്ദത്ത മസീഹിന്റെ വലിയൊരു കർത്തവ്യം ദീനിനെ പുനരുജ്ജീവിപ്പിക്കലാകുന്നു. കാരണം ആക്രമണം വിശ്വാസത്തിനുമേൽ ആകുന്നു. ലവ് കാനൽ ഈമാനു എന്ന ഹദീഥിൽനിന്ന് ഫാർസി വംശജനായ വ്യക്തിയെ കുറിച്ച് വ്യക്തമാകുന്നതെന്തെന്നാൽ പ്രസ്തുത ഫാർസി വംശജൻ വിശ്വാസത്തെ പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയാണ് വരിക. ചുരുക്കത്തിൽ വാഗ്ദത്ത മസീഹിന്റേയും ഫാർസി വംശജന്റേയും കാലഘട്ടം ഒന്നുതന്നെയാണ്. കർമങ്ങളും ഒന്നു തന്നെയാകുന്നു. അതായത് വിശ്വാസത്തെ പുനഃസ്ഥാപിക്കുകയാണ്. ഇതിൽനിന്ന് വളരെ ദൃഢമായും ബോധ്യമാകുന്നതെന്തെന്നാൽ മസീഹ് മൗഊദ് ഫാർസി വംശജൻ തന്നെയാകുന്നു. അദ്ദേഹത്തിന്റെ ജമാഅത്തിനെ കുറിച്ച് ആയത്തിൽ പറയുന്നു, *വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം* ഈ ആയത്തിന്റെ അർഥം ഇപ്രകാരമാണ്. വഴികേടിന്റെ പാരമ്യത്തിനു ശേഷം സന്മാർഗ്ഗവും യുക്തിജ്ഞാനവും കരസ്ഥമാക്കുകയും നബി(സ)തിരുമേനിയുടെ അത്ഭുതങ്ങളും അനുഗ്രഹങ്ങളും കാണുകയും ചെയ്തിട്ടുള്ളവർ രണ്ടു കൂട്ടരാകുന്നു. ഒന്ന് നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ. അവർ നബി(സ)തിരുമേനിയുടെ ആഗമനത്തിന് മുമ്പേ ശക്തമായ അന്ധകാരത്തിൽ അകപ്പെട്ടവരായിരുന്നു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ നുബുവ്വത്തിന്റെ കാലഘട്ടം അനുഭവിച്ചു. അത്ഭുതദൃഷ്ടാന്തങ്ങൾ തങ്ങളുടെ കണ്ണുകൾകൊണ്ട് കണ്ടു. പ്രവചനങ്ങൾ പൂർത്തിയായത് ദർശിച്ചു. ദൃഢബോധ്യം അവരിൽ എത്രത്തോളം മാറ്റമുണ്ടാക്കിയെന്നാൽ അവർ ഒരൊറ്റ ആത്മാവുപോലെ ആയിത്തീർന്നു. രണ്ടാമത്തെ കൂട്ടർ, ഉപര്യുക്ത ആയത്തിന്റെ വെളിച്ചത്തിൽ സ്വഹാബാക്കളെ പോലുള്ള മസീഹ് മൗഊദിന്റെ സംഘമാകുന്നു. കാരണം ഇവരും സ്വഹാബാക്കളെപോലെ നബി(സ) തിരുമേനിയുടെ അത്ഭുതങ്ങൾ കാണുന്നവരാണ്. അന്ധകാരത്തിനും വഴികേടിനും ശേഷം സന്മാർഗം പ്രാപിച്ചവരാണ്. ആഖരീന മിൻ ഹും എന്ന ആയത്തിൽ ഈ വിഭാഗത്തെ മിൻഹും എന്ന അനുഗ്രഹത്താൽ അതായത് സ്വഹാബാക്കളുടെ സാദൃശ്യരാണെന്ന നിലയ്ക്കുള്ള അനുഗ്രഹത്തിൽ ഭാഗഭാക്കാക്കിയിരിക്കുന്നു. ഇതു സൂചന നൽകുന്നത് നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ അത്ഭുതദൃഷ്ടാന്തങ്ങൾ കാണുകയും പ്രവചനങ്ങൾ ദർശിക്കുകയും ചെയ്തതുപോലെ ഇവരും അതു കാണുമെന്നാണ്. ഇതിനിടയ്ക്കുള്ള കാലഘട്ടം ഈ അനുഗ്രഹത്തിൽ പൂർണമായും ഭാഗഭാക്കാകുന്നതല്ല. ചുരുക്കത്തിൽ അങ്ങനെ തന്നെയാണ് സംഭവിച്ചതും. നബി(സ)തിരുമേനിയുടെ പതിമൂന്ന് നൂറ്റാണ്ടിനുശേഷം പുതുദൃഷ്ടാന്തങ്ങളുടെ കവാടം തുറക്കപ്പെട്ടു. ജനങ്ങൾ തങ്ങളുടെ കണ്ണുകൾ കൊണ്ട് ദാറുൽ ഖുത്നിയിലെ ഹദീഥിലും ഇബ്നു ഹജറിന്റെ ഫതാവായിലുമുള്ളതുപോലെ റമളാനിൽ സൂര്യചന്ദ്രഗ്രഹണങ്ങളെ തങ്ങളുടെ കണ്ണുകൾകൊണ്ട് ദർശിച്ചു. അതായത് ഹദീഥിൽ പറഞ്ഞതുപോലെ സൂര്യ ചന്ദ്രഗ്രഹണങ്ങൾ റമളാനിലുണ്ടായി. ചന്ദ്രന് അതിന്റെ ഗ്രഹണത്തിന് നിശ്ചിക്കപ്പെട്ടിട്ടുള്ള രാത്രികളിൽ ആദ്യരാത്രിയിലും സൂര്യന് അതിന്റെ ഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിൽ മധ്യദിനത്തിലും ഗ്രഹണം സംഭവിച്ചു. ഇതുണ്ടാകുമ്പോൾ മഹ്ദി വാദിയുമുണ്ടായിരുന്നു. ഈ ഒരവസ്ഥ ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടതു മുതൽ ഉണ്ടായിട്ടില്ല. മാത്രമല്ല ആർക്കുംതന്നെ ചരിത്രതാളുകളിൽ നിന്ന് അതിന് സമാനമായത് സമർപ്പിക്കാനും തെളിയിക്കാനും കഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ ഈ ഒരത്ഭുതവും ജനങ്ങൾ തങ്ങളുടെ കണ്ണുകൾ കൊണ്ടു കണ്ടു. മാത്രമല്ല വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലത്ത് വിവരിക്കപ്പെട്ടിട്ടുള്ള വാൽനക്ഷത്രത്തെയും ആയിരക്കണക്കിന് ആളുകൾ ദർശിക്കുകയുണ്ടായി. അതുപോലെതന്നെ ജാവയിലുള്ള തീയും ലക്ഷക്കണക്കിന് ആളുകൾ കാണുകയുണ്ടായി. അതേപോലെ പ്ലേഗ് പടർന്നുപിടിച്ചതിനും ഹജ്ജിന് വിലക്കേർപ്പെടുത്തിയതിനും എല്ലാവരും ദൃസാക്ഷികളാണ്. രാജ്യത്ത് റയിൽ തയ്യാറാക്കപ്പെട്ടതും ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെട്ടതുമെല്ലാം നബി(സ)തിരുമേനിയുടെ അത്ഭുത ദൃഷ്ടാന്തങ്ങളായിരുന്നു. അതെല്ലാം ഈ കാലഘട്ടത്തിൽ സ്വഹാബാക്കൾ മുഅജിസത്തുകൾ കണ്ടതുപോലെ കാണുകയുണ്ടായി. അതുകൊണ്ടുതന്നെ അല്ലാഹു ഈ അവസാനകാല വിഭാഗത്തെ 'മിൻഹും' എന്ന പദം കൊണ്ട് സംബോധന ചെയ്തിരിക്കുന്നു! അതായത്, മുഅ്ജിസത്തുകൾ ദർശിക്കുന്ന കാര്യത്തിൽ അവരും സ്വഹാബാക്കളുടെ വർണ്ണമുള്ളവരാണ് എന്നതിലേക്ക് ഇതു സൂചന നൽകുന്നു. നിങ്ങൾ ചിന്തിച്ചു നോക്കുക. പതിമൂന്ന് നൂറ്റാണ്ടിനിടയിൽ നുബുവ്വത്തിന്റെ ശ്രേണിയിലുള്ള ഇത്തരം കാലം മറ്റാർക്കാണ് കിട്ടിയിട്ടുള്ളത്? നമ്മുടെ ജമാഅത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിന് പല നിലയ്ക്കും സ്വഹാബാക്കളുടേതുമായി താദാത്മ്യമുണ്ട്. സ്വഹാബാക്കൾ കണ്ടതുപോലെ ഇവരും മുഅ്ജിസത്തുകൾ ഇന്നും കണ്ടുകൊണ്ടിരിക്കുന്നു. സ്വഹാബാക്കൾ കണ്ടതുപോലെ തന്നെ ഇവരും അല്ലാഹുവിന്റെ അടയാളങ്ങളും പുതുപുത്തൻ സഹായങ്ങളും മുഖേന പ്രകാശവും ദൃഢവിശ്വാസവും കരസ്ഥമാക്കി. സ്വഹാബാക്കൾ അനുഭവിച്ചതുപോലെ ഇവരും അല്ലാഹുവിന്റെ മാർഗത്തിൽ ജനങ്ങളുടെ പരിഹാസവും ശകാരങ്ങളും പല രീതിയിലുള്ള മനസ്സിനെ ബുദ്ധിമുട്ടിക്കുന്ന കാര്യങ്ങളും കുത്തുവാക്കുകളും ബന്ധങ്ങൾ മുറിച്ച് മാറ്റുന്നതിന്റെ വേദനകളും സഹിച്ചു. ഇന്നും ഇതു തന്നെയാണ് അവസ്ഥ. "സഹാബാക്കൾ കരസ്ഥമാക്കിയത് പോലെ ഇവരും അല്ലാഹുവിന്റെ വ്യക്തമായ അടയാളങ്ങളും ദൈവിക സഹായങ്ങളും യുക്തിഭദ്രമായ അധ്യാപനങ്ങളും മുഖേന പരിശുദ്ധ ജീവിതം കരസ്ഥമാക്കി. എണ്ണമറ്റ ഉദാഹരണങ്ങളുണ്ട്. "അവയിൽ ഒരുപാടാളുകൾ സ്വഹാബാക്കളെ പോലെ നമസ്കാരത്തിൽ കരയുന്നവരും സുജൂദ് ചെയ്യുന്ന സ്ഥലങ്ങളെ കണ്ണീരു കൊണ്ട് കുതിർക്കുന്നവരുമാണ്. അവരിൽ നിരവധി പേർ സ്വഹാബാക്കളെ പോലെ സത്യസന്ധമായ സ്വപ്നങ്ങൾ ലഭിക്കുന്നവരും ദൈവിക ഭാഷണങ്ങളാൽ അനുഗൃഹീതരുമാണ്. സ്വഹാബാക്കൾ ചെലവഴിച്ചതുപോലെ ഇവരിൽ ഒരുപാടാളുകൾ തങ്ങൾ സമ്പാദിച്ച ധനം സ്നേഹപൂർവ്വം അല്ലാഹുവിന്റെ തൃപ്തിലാക്കാക്കി നമ്മുടെ പ്രസ്ഥാനത്തിനുവേണ്ടി ചെലവഴിക്കുന്നു. സ്വഹാബാക്കളുടെ ചരിത്രത്തിലുള്ളതുപോലെ അവരിൽ നിരവധിപേർ മരണത്തെ ഓർക്കുന്നവരായും ഹൃദയത്തിന്റെ നൈർമല്യവും സത്യസന്ധമായി തഖ്‌വായിൽ പദമൂന്നുന്നവരുമായിട്ടുള്ളവരാണ്. ഇവർ അല്ലാഹുവിന്റെ സംഘമാകുന്നു. അവരെ അല്ലാഹു സംരക്ഷിക്കുകയും അനുദിനം അവരുടെ ഹൃദയങ്ങളെ പരിശുദ്ധീകരിക്കുകയും ചെയ്യുന്നു. അവരുടെ ഹൃദയങ്ങളെ വിശ്വാസങ്ങളുടെ യുക്തികൊണ്ട് നിറക്കുകയും ദൈവിക ദൃഷ്ടാ

ന്തങ്ങളാൽ സഹാബാക്കളെ തന്നിലേക്ക് അടുപ്പിച്ചതുപോലെ അവരെ തന്നിലേക്ക് അടുപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ആഖരീന മിൻഹും എന്ന പദങ്ങളിൽ വിവക്ഷിക്കപ്പെട്ടിട്ടുള്ള എല്ലാ അടയാളങ്ങളും ഈ ജമാഅത്തിലും കാണപ്പെടുന്നു. അല്ലാഹു പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു ദിവസം പൂർത്തിയാകേണ്ടതും അനിവാര്യമായിരുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആഖരീന മിൻഹും എന്ന ആയത്ത് മസീഹ് മൗഊദിന്റെ ജമാഅത്തിന് സ്വഹാബാക്കളുടെ ജമാത്തുമായി സാദൃശ്യം ഉണ്ടാകുമെന്നും ഈ ജമാഅത്തിന്റെ ഇമാമിന് പ്രതിച്ഛായ (പ്രതിബിംബം) എന്നോണം നബി(സ)തിരുമേനിയോട് സാദൃശ്യമുണ്ടായിരിക്കുമെന്നും പറയുന്നു. മാത്രമല്ല നബി(സ)തിരുമേനി വാഗ്ദത്ത മഹ്ദിയുടെ ഗുണവിശേഷമായി പറയുന്നത് അദ്ദേഹത്തിന് നബി(സ)തിരുമേനിയുമായി സാദൃശ്യമുണ്ടായിരിക്കുമെന്നാണ്. അതായത് രണ്ടു സാദൃശ്യങ്ങൾ ആ വ്യക്തിത്വത്തിലുണ്ടായിരിക്കും. ഒന്ന് ഹദ്റത്ത് ഈസാ നബിയുമായി സാദൃശ്യമുള്ളതുകൊണ്ട് മസീഹ് എന്ന് വിളിക്കപ്പെടും. രണ്ടാമത്തെ സാദൃശ്യം നബി(സ) തിരുമേനിയുമായിട്ടുള്ളതാണ്. അതുകൊണ്ട് അദ്ദേഹം മഹ്ദി എന്ന് വിളിക്കപ്പെടും. ഈ രഹസ്യത്തിലേക്ക് സൂചന നൽകിക്കൊണ്ട് പറയുന്നു: "അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഒരു ഭാഗം ഇസ്റാഈലി രൂപത്തിലും വർണ്ണത്തിലും ആയിരിക്കും. മറുഭാഗം അറേബ്യൻ രൂപത്തിലും വരുന്നതായിരിക്കും. ഹദ്റത്ത് ഈസാ(അ) വന്ന കാലഘട്ടത്തിൽ മൂസവി സമുദായം യൂനാനി ശാസ്ത്രിമാരുടെ ആക്രമണങ്ങൾ കാരണം വളരെ ഭയാനകമായ അവസ്ഥയിലായിരുന്നു. തൗറാത്തിന്റെ അധ്യാപനങ്ങളും അതിന്റെ പ്രവചനങ്ങളും അത്ഭുതദൃഷ്ടാന്തങ്ങളും ശക്തമായി ആക്രമിക്കപ്പെടുകയായിരുന്നു. യവന ചിന്താഗതികളുടെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ അസ്തിത്വം സൃഷ്ടികളുമായി ഇട കലർന്ന് പോകുകയും അതിൽനിന്ന് അതീതമായ കഴിവുള്ളവനല്ലെന്ന് മനസ്സിലാക്കപ്പെടുകയും ചെയ്തിരുന്നു. അതായത് സാധാരണ സൃഷ്ടികളെ പോലെയാണെന്നും എല്ലാ കഴിവുകളുടെയും ഉടമസ്ഥൻ അല്ലെന്നും താൻ ഇഷ്ടപ്പെടുന്നത് എല്ലാം ചെയ്യാൻ കഴിവുള്ളവൻ അല്ലെന്നും കരുതി പോന്നു. പ്രവാചകത്വശൃംഖല പരിഹസിക്കപ്പെടുകയായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഈസാ(അ)ന്റെ നിയോഗത്തോടുകൂടി അതായത് മൂസാ(അ)ന്റെ പതിനാലു നൂറ്റാണ്ടുകൾക്കുശേഷം മൂസവി നുബുവ്വത്തിന്റെ അവസ്ഥയും ഈ ശൃംഖലയുടെ യാഥാർഥ്യത്തിന് പുതുപുത്തൻ സാക്ഷ്യങ്ങൾ സ്ഥാപിക്കപ്പെടണമെന്നും നവീന രീതിയിലുള്ള സഹായങ്ങളും ദൈവിക സാക്ഷ്യങ്ങളും മുഖേന മൂസവി കെട്ടിടം വീണ്ടും അറ്റകുറ്റപ്പണികൾ ചെയ്യപ്പെടണമെന്നും ദൈവം ആഗ്രഹിച്ചു. അതേപോലെ ഈ ഉമ്മത്തിന് വേണ്ടിയും പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ വാഗ്ദത്ത മസീഹിനെ അയച്ചുകൊണ്ട്, യൂറോപ്യൻ തത്ത്വചിന്തയും യൂറോപ്യൻ ദജ്ജാലിയത്തും ഇസ്ലാമിനുമേൽ പലതരം അക്രമങ്ങൾ നടത്തുകയും നബി(സ)തിരുമേനിയുടെ നുബുവ്വത്തും പ്രവചനങ്ങളും അത്ഭുത ദൃഷ്ടാന്തങ്ങളും നിഷേധിക്കപ്പെടുകയും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ അധിക്ഷേപിക്കപ്പെടുകയും ഇസ്ലാമിന്റെ അനുഗ്രഹങ്ങളും പ്രകാശങ്ങളും അവഹേളിക്കപ്പേടുകയും ചെയ്യുന്ന കാലത്ത് ഈ എല്ലാ അക്രമങ്ങളേയും ഇല്ലാതാക്കാനും നുബുവ്വത്തെ മുഹമ്മദിയ്യ (തിരുനബിക്ക് മേൽ ആയിരമായിരം അനുഗ്രഹങ്ങൾ വർഷിക്കപ്പെടുമാറാകട്ടെ) പുതുപുത്തൻ സാക്ഷ്യങ്ങളും സഹായങ്ങളും മുഖേന സത്യാന്വേഷികൾക്ക് വെളിപ്പെടുത്തണമെന്നും അല്ലാഹു ആഗ്രഹിച്ചു. ഈ രഹസ്യമാണ് ബറാഹീനെ അഹ്മദിയ്യായിൽ ഇന്നേക്ക് പതിനേഴ് വർഷം മുമ്പേ ഒരു ഇൽഹാമിലൂടെ വ്യക്തമാക്കിയത്. ആ ഇൽഹാം അല്ലാഹുവിന്റെ ലക്ഷക്കണക്കിന് ജനങ്ങൾക്കിടയിൽ പ്രസിദ്ധീകരിച്ചതാണ്. അത് ഇപ്രകാരമാകുന്നു:"

*ബ ഖറാം കെ: വഖ്ത്തെ തൂ നസ്ദേക് റസീദ് വ പായെ മുഹമ്മദ് യാൻ ബർ മിനാരെ ബുലൻദ് തർ മുഹക്കം ഉഫ്ത്താദ്*

(അർഥം)അല്ലാഹു എന്നോടു പറഞ്ഞു: 'ആഹ്ലാദിക്കൂ; നിന്റെ സമയം സമീപസ്ഥമായിരിക്കുകയാണ്; മുസൽമാന്മാരുടെ ചിവിട്ടടികൾ ഉത്തുംഗമായ മിനാരത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു).

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശദീകരണത്തോടുകൂടി ഇതിന്റെ തർജമ എഴുതിയിട്ടുണ്ട്. എഴുതുന്നു; ഇപ്പോൾ വെളിപ്പെടുകയും പുറത്തേക്ക് വരികയും ചെയ്യുക. നിന്റെ സമയം സമീപസ്ഥമായിരിക്കുന്നു. മുഹമ്മദി പാതാളങ്ങളിൽനിന്ന് പുറത്തേക്ക് വരുന്നതാണ്. അതായത് മുസ്ലിമീങ്ങൾ ഒരു ഉയർന്ന ശക്തമായ മിനാരത്തിൽ പദമൂന്നുന്നതാണ്.(തർജമ ഇൽഹാം അസ് നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാല്യം 18,പേജ് 511)

വീണ്ടും പറയുന്നു: പാക് മുഹമ്മദ് മുസ്തഫാ നബിയോം ക സർദാർ. അല്ലാഹു നിന്റെ എല്ലാ കർമങ്ങളും നന്നാക്കി തരുന്നതാണ്. നിന്റെ എല്ലാ ആഗ്രഹങ്ങളും പൂർത്തിയാക്കുന്നതായിരിക്കും. റബ്ബുൽ അഫ്വാജ് (സൈന്യങ്ങളുടെ നാഥൻ) ഇതിലേക്ക് ശ്രദ്ധ തിരിക്കുന്നതാണ്. ഈ അടയാളത്തിന്റെ ലക്ഷ്യമെ ന്തെന്നാൽ വിശുദ്ധ ഖുർആൻ ദൈവിക ഗ്രന്ഥമാകുന്നു. എന്റെ അധരങ്ങളിലൂടെ വന്ന കാര്യങ്ങളുമാകുന്നു. നല്ലപോലെ ചിന്തിച്ചുനോക്കുക. എന്റെ അടയാളങ്ങൾ മുഖേന എന്തുദ്ദേശ്യമാണ് പൂർത്തീകരിക്കപ്പെട്ടത്. (ഇത് അല്ലാഹു അദ്ദേഹത്തോട് ഇൽഹാമായി പറയുന്നതാണ്.) പറയുന്നു: 'ഇതിന്റെ അർഥമെന്തെന്നാൽ ഞാൻ പറഞ്ഞു വന്നതുപോലെ ഹദ്റത്ത് ഈസ(അ) വന്നത് കളവാക്കപ്പെടുന്ന ഘട്ടത്തിൽ പുത്തൻ അടയാളങ്ങളുമായി തൗറാത്തിനെ സത്യപ്പെടുത്തുന്നതിനാണ്. ഇതേ ഉദ്ദേശ്യത്തിന് വേണ്ടി അല്ലാഹു എന്നെയും അയച്ചിരിക്കുന്നു; അങ്ങനെ പുതിയ ദൃഷ്ടാന്തങ്ങളുമായി വിശുദ്ധ ഖുർആനിന്റെ സത്യസാക്ഷ്യം അശ്രദ്ധരായ ജനങ്ങൾക്കുമേൽ വെളിപ്പെടുത്തുന്നതിനുവേണ്ടി. അതിലേക്ക് സൂചന നൽകിക്കൊണ്ട് ദൈവിക വെളിപാടിൽ പറയുന്നു: പായെ മുഹമ്മദ് യാൻ ബർ മിനാരെ ബുലൻദ് തർ മുഹക്കം ഉഫ്ത്താദ് ബറാഹീനെ അഹ്മദിയ്യായിലുള്ള മറ്റൊരു ഇൽഹാമിലും ഇതേ സൂചനയാണുള്ളത്. *അർറഹ്മാനു അല്ലമൽ ഖുർആൻ ലി തുൻദിറ ഖൗമൻമ്മാ ഉൻദിറ ആബാഉഹും വലി തസ്തബീന സബീലുൽമുജ്രിമീന ഖുൽ ഇന്നീ ഉമിർത്തു വ അന അവ്വലുൽ മുഅ്മിനീൻ*

അതായത് റഹ്മാനായ ദൈവം നിനക്ക് ഖുർആൻ പഠിപ്പിച്ച് തന്നിരിക്കുന്നു. അങ്ങനെ നീ അവർക്ക് മുന്നറിയിപ്പ് നല്കപ്പെടുന്നതിനു വേണ്ടി. അവരുടെ പൂർവ പിതാക്കൾക്ക് മുന്നറിയിപ്പ് നല്കപ്പെട്ടിരുന്നില്ല. അങ്ങനെ കുറ്റവാളികളുടെ മാർഗങ്ങൾ തുറക്കപ്പെടുന്നതിനും. കുറ്റവാളികളുടെ മാർഗങ്ങൾ തുറക്കപെടുക എന്നതിന്റെ വിവക്ഷിതം കുറ്റവാളികൾക്കുമേൽ ദൈവിക ന്യായപൂർത്തി വരുക എന്നതാണ്. പറയുക! ഞാൻ അല്ലാഹുവിൽനിന്നു നിയോഗിക്കപ്പെട്ടവനാകുന്നു. ഞാൻ ഏറ്റവും ആദ്യത്തെ വിശ്വാസിയുമാകുന്നു.

പറയുന്നു: 'ഹദ്റത്ത് ഈസാ നബിയുല്ലാഹ് ആയി തൗറാത്തിനെ സാക്ഷ്യപ്പെടുത്തുന്നതിന് വന്നുവെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അതിന് മുന്നിൽ നിങ്ങളുടെ സാക്ഷ്യത്തിന് എന്ത് വിലയാണുള്ളത്? അദ്ദേഹം അല്ലാഹുവിന്റെ നബിയായിരുന്നു. അല്ലാഹു നബിയായി അയച്ചത് തൗറാത്തിനെ സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടിയാണ്. നിങ്ങൾ എന്ത് സ്ഥാനവുമായിട്ടാണ് ഖുർആനിന്റെ സാക്ഷ്യവുമായി വന്നിട്ടുള്ളത്? പറയുന്നു: ഇവിടെയും സാക്ഷ്യം പുതുക്കുന്നതിന് ഒരു പ്രവാചകൻ ആവശ്യമായിരുന്നു. ഇവിടെ സാക്ഷ്യം കൊണ്ടെന്താണുദ്ദേശിക്കുന്നതെന്ന് ജനങ്ങൾ ചോദിക്കുന്നു. ഇവിടെയും സാക്ഷ്യം പുതുക്കാൻ ഒരു നബി ആവശ്യമായിരുന്നു. ഈ ജനങ്ങൾ ചോദിക്കുന്നതിനുള്ള മറുപടിയെന്തെന്നാൽ, ഇസ്ലാമിൽ തന്റെ സ്ഥാനം ഉറപ്പിക്കുന്ന നുബുവ്വത്തിന്റെ കവാടം അടഞ്ഞു പോയിരിക്കുന്നു. അതായത് സ്വതന്ത്രവും ന്യായപ്രമാണത്തോടുകൂടിതുമായ നുബുവ്വത്ത്.

ആ മഹാത്മാവ് പറയുന്നു, അല്ലാഹു പറയുകയാണ്: *വലാക്കിർസൂലല്ലാഹി വ ഖാത്തമന്നബിയ്യീന*(33:41) എന്ന ആയത്തിൽ നിന്നു ലാ നബിയ്യ ബഅ്ദീ എന്ന ഹദീഥും ഈസാ നബിയുടെ മരണം വളരെ വ്യക്തമായി സ്ഥാപിക്കപ്പെട്ടതും എല്ലാം വ്യക്തമാക്കുന്നത് ഈ ലോകത്തേക്ക് അദ്ദേഹം വീണ്ടും വരുമെന്ന പ്രതീക്ഷ നിരർഥകമാണെന്നാകുന്നു. (ഖുർആനും ഹദീഥും പറയുന്നു. കൂടാതെ മസീഹ് വഫാത്തായി എന്ന് സ്ഥാപിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് ആ മസീഹ് വീണ്ടും വരുമെന്നത് തെറ്റായ പ്രതീക്ഷയാകുന്നു). അതുകൊണ്ട് ഇനി പുതിയതോ പഴയതോ ആയ നബി വരുകയാണെങ്കിൽ നമ്മുടെ നബി(സ)തിരുമേനി എങ്ങനെയാണ് ഖാത്തമുൽ അമ്പിയാ ആകുക? അതായത് നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിൽ നിന്ന് വരില്ല പുറത്ത് നിന്ന് വരേണ്ടി വരും! അതായത് വിലായത്തിന്റെ വഹിയും ദൈവിക ഭാഷണത്തിന്റെ കവാടങ്ങളും

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.' (സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

## • ഹദീഥുന്നബ്വി(സ): •

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്." (അബൂദാവൂദ്, കിതാബുൽമനാസിക്)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

താലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

അടഞ്ഞിട്ടില്ല. അതിനർഥമെന്തെന്നാൽ പുതിയ ദൃഷ്ടാന്തങ്ങളുമായി സത്യദീനിനെ സാക്ഷ്യപ്പെടുത്തുന്നതാണ്. സത്യദീനിനെ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹുവിന്റെ അടയാളങ്ങൾ അത് നബി മുഖേന വെളിപ്പെട്ടാലും വലിയ്യു മുഖേന ആണെങ്കിലും അതെല്ലാം ഒരേ തരത്തിലുള്ളതാണ്. കാരണം അയക്കുന്നവൻ ഒരേ അസ്തിത്വമാകുന്നു. അല്ലാഹുവിന്റെ നബിയുടെ കൈിൽനിന്നു നബി മുഖേനയും ദൈവികമായ സഹായം വെളിപ്പെടുന്നത് ശക്തിയിലും പ്രഭാവത്തിലും മികച്ചതാണെന്നും അതെ സമയം വലിയ്യു മുഖേന വെളിപ്പെടുന്ന സഹായത്തിന്റെ ശക്തിയും പ്രഭാവവും കുറവാണെന്നുമുള്ള ചിന്ത തികച്ചും ബുദ്ധിശൂന്യതയും വിവരക്കേടുമാകുന്നു. പ്രത്യുത ഇസ്‌ലാമിന്റെ സഹായത്തിനുവേണ്ടി ചില കാലത്ത് അടയാളങ്ങൾ വെളിപ്പെട്ടപ്പോൾ അക്കാലത്ത് നബിയും വലിയ്യുമൊന്നുമുണ്ടായിരുന്നില്ല. ഉദാഹരണമായി അസ്ഹാബുൽ ഫീൽ നശിപ്പിക്കപ്പെട്ട അടയാളം വെളിപ്പെട്ട സമയത്ത്. പറഞ്ഞു: "ഇത് സുസമ്മതമായിട്ടുള്ളതാണ്." ഇത് ഇക്കാര്യത്തിനുള്ള മറുപടിയാണ്. നിങ്ങൾ പറയുന്നത് നബി ഇല്ലാത്തതുകൊണ്ട് സംഭവിക്കുകയില്ലെന്നാണ്. നബിയില്ലെങ്കിലും വലിയ്യു മുഖേനയും ഇത് സംഭവിക്കാവുന്നതാണ്. ഇനി വലി ഇല്ലെങ്കിലും വലിയ്യു മുഖേന സംഭവിക്കാമെന്ന് കുറഞ്ഞപക്ഷം സമ്മതിക്കുക. നബി ഇല്ലെങ്കിലും അല്ലാഹു വലിയ്യു മുഖേന ദൃഷ്ടാന്തം വെളിപ്പെടുത്തുന്നതാണ്; അസ്ഹാബുൽ ഫീലിന്റെ അടയാളം കാണിച്ചതുപോലെ! മാത്രമല്ല വലിയ്യുടെ കറാമത്തുകൾ അദ്ദേഹം അനുസരിക്കുന്ന നബിയുടെതന്നെ കറാമത്തുകൾ അഥവാ ദിവ്യദൃഷ്ടാന്തങ്ങ ളാകുന്നു. അതായത് ഏതു നബിയെയാണോ വലിയ്യ് അനുസരിക്കുന്നത് ആ നബിയുടെ തന്നെ അടയാളമാകുന്നു. കറാമത്തുകളും മുഅ്ജിസത്തുകളാകുന്നു. അതുകൊണ്ട് മുഅ്ജിസത്തുകളിൽ വിവേചനം കാണിക്കുന്നത് ഒരു വിശ്വാസിക്ക് ചേർന്നതല്ല. മാത്രമല്ല ഹദീഥുകളിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത്, മുഹദ്ദഥും നബിമാരെയും റസൂൽമാരെയും പോലെ അല്ലാഹു നിയോഗിച്ചവരിൽ ഉൾപ്പെടുന്നു എന്നാണ്. മാത്രമല്ല. സ്വഹീഹ് ബുഖാരിയിൽ പറയുന്നു: *വമാ അർസൽനാ മിൻ റസൂലിൻ വലാ നബിയ്യിൻ വലാ മുഹദ്ദഥിൻ* എന്നത് നല്ലപോലെ വായിച്ചു നോക്കുക. മറ്റൊരു ഹദീഥിൽ പറയുന്നു: ഉലമാഉ ഉമ്മത്തീ ക അമ്പിയാഇ ബനീ ഇസ്‌റാഈൽ സൂഫീവര്യന്മാർ തങ്ങളുടെ ജാഗ്രദർശനങ്ങൾ (കശ്ഫുകൾകൊണ്ട്) കൊണ്ട് ഈ ഹദീഥിനെ നബി(സ)തിരുമേനിയിൽ നിന്നുള്ളതാണെന്ന് ശരി വെച്ചിട്ടുണ്ട്. അതായത് നബി(സ)തിരുമേനിയിൽനിന്ന് സാക്ഷ്യം കരസ്ഥമാക്കിയിട്ടുണ്ട്. ഓർക്കുക മുസ്‌ലിമിൽ മസീഹ് മൗഊദിനെ കുറിച്ച് നബി എന്ന പദം വന്നിട്ടുണ്ട്. ഒരു കാര്യം കൂടി ഓർക്കുക നിങ്ങൾ പറയുന്നത് നബി അല്ലെന്നാണ്. ഇവിടെ ആദ്യം വലിയ്യാണെന്നതിന് തെളിവ് നൽകി. രണ്ടാമത് വാഗ്ദത്ത മസീഹിനെ കുറിച്ച് ഹദീഥിൽ നബി എന്ന് വന്നിട്ടുണ്ട്. അതായത് ആലങ്കാരിക രൂപത്തിൽ! അതുകൊണ്ടാണ് ബറാഹീനെ അഹ്മദിയ്യയിലും ഇത്തരം വാക്കുകൾ അല്ലാഹു എന്നെ കുറിച്ച് പറഞ്ഞത്. ഇൽഹാം ഇപ്രകാരമാകുന്നു. *ഹുവല്ലദീ അർസല റസൂലഹു ബിൽഹുദാ* ഇവിടെ റസൂൽ കൊണ്ടുള്ള വിവക്ഷിതം ഈ വിനീതനാകുന്നു. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ). നോക്കുക ബറാഹീനെ അഹ്മദിയ്യായിൽ ജരിയ്യുല്ലാഹി ഫീ ഹുലലിൽ അമ്പിയാഇ എന്നുമുണ്ട്. അതായത് അല്ലാഹുവിന്റെ പ്രവാചകൻ നബിമാരുടെ ആടയിൽ. നിങ്ങൾ നബി അല്ലെന്ന് പറയുന്നു. പക്ഷേ, ഹദീഥിൽ ഇങ്ങനെയാണ് വന്നിട്ടുള്ളത്. എന്നോടും അല്ലാഹു ഞാൻ നബിയാണെന്ന് പറയുന്നു. ഈ ഇൽഹാമിൽ എന്റെ പേര് 'റസൂൽ' എന്നും നബിയെന്നും വെച്ചിരിക്കുന്നു. ചുരുക്കത്തിൽ ആരുടെ പേരാണോ അല്ലാഹു സ്വയം വെച്ചിട്ടുള്ളത് അദ്ദേഹത്തെ സാധാരണ ജനങ്ങളെപോലെ മനസ്സിലാക്കുന്നത് അങ്ങേയറ്റം അപരാധമാകുന്നു. ദൈവിക അടയാളങ്ങളുടെ സാക്ഷ്യങ്ങൾ ഒരു നിലയ്ക്കും ദുർബലമാകുന്നതല്ല. അതു നബി മുഖേന വെളിപ്പെട്ടാലും മുഹദ്ദഥ് മുഖേന വെളിപ്പെട്ടാലും ശരി! യാഥാർഥ്യമെന്തെന്നാൽ നമ്മുടെ നബി(സ)തിരുമേനിയുടെ നുബുവ്വത്തിന്റേയും നബി(സ)തിരുമേനിയുടെ അനുഗ്രഹങ്ങളുടേയും ഒരു പ്രാദുർഭാവത്തെ സൃഷ്ടിച്ചുകൊണ്ട് അതിനുള്ള തെളിവ് സ്വയം നൽകുകയാണ്. വലിയ്യിന് സൗജന്യമായി ആ പേര് കിട്ടുന്നു. യഥാർഥത്തിൽ ഈ വെളിപ്പെടുന്ന അടയാളങ്ങളെല്ലാം നബി(സ)തിരുമേനിയുടെ സത്യത്തിനുവേണ്ടി വെളിപ്പെടുന്നവയാകുന്നു. ഇതിന്നിടയിൽ ഏതു വലിയ്യുടെ പേര് വരുകയാണെങ്കിലും അത് സൗജന്യമായിട്ടാണ് വരുന്നത്." പറയുന്നു: "സാക്ഷ്യപ്പെടുത്തുന്നവനായ വലിയ്യ് നബി(സ)തിരുമേനിയിൽ നിന്നാണ് സൗന്ദര്യം ആർജ്ജിക്കുന്നത്. നബി(സ)തിരുമേനി വലിയ്യിൽ നിന്ന് സൗന്ദര്യം പ്രാപിക്കുന്നില്ല."(അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ വാള്യം 14, പേജ് 304–310)

ആ മഹാത്മാവ് തന്റെ വാദങ്ങളെ സംബന്ധിച്ച് പറയുന്നു: "അല്ലാഹു കാലഘട്ടത്തിന്റെ, വർത്തമാന അവസ്ഥകളെ കണ്ടുകൊണ്ടും ഭൂമിയിൽ പലതരം ധിക്കാരങ്ങളും പാപങ്ങളും വഴികേടുകളും നിറഞ്ഞതായും മനസ്സിലാക്കികൊണ്ടും എന്നെ സത്യദീനിന്റെ പ്രചാരണത്തിനും നന്മ സ്ഥാപിക്കുന്നതിനും വേണ്ടി അയച്ചിരിക്കുന്നു. ഈ കാലഘട്ടം ഹിജ്റ വർഷത്തിന്റെ പതിമൂന്ന് നൂറ്റാണ്ടുകൾ പൂർത്തിയാക്കി, പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ എത്തിയ സമയമായിരുന്നു. അപ്പോൾ ഞാൻ ദൈവികമായ കൽപനയെ പ്രാവർത്തികമാക്കികൊണ്ട് പൊതുജനങ്ങൾക്കിടയിൽ ലിഖിതരൂപേണയുള്ള വിളംബരങ്ങളും പ്രഭാഷണങ്ങളും മുഖേന ഈ നൂറ്റാണ്ടിന്റെ തലക്കൽ ദീനിന്റെ പുനരുജ്ജീവനു വേണ്ടി വരേണ്ട വ്യക്തി ഞാൻ തന്നെയാകുന്നു എന്നും അങ്ങനെ ഭൂമിയിൽനിന്ന് പൊയ്പ്പോയ വിശ്വാസത്തെ വീണ്ടും ഭൂമിയിൽ സ്ഥാപിക്കുന്നതിനുവേണ്ടി വന്നിരിക്കുന്നുവെന്നും വിളംബരപ്പെടുത്തി. ഞാൻ അല്ലാഹുവിൽനിന്ന് ശക്തി പ്രാപിച്ചുകൊണ്ട് അവന്റെ കരങ്ങൾ മുഖേനയുള്ള ആകർഷണത്താൽ ലോകത്തെ നന്മയിലേക്കും ഭയഭക്തിയിലേക്കും സത്യതയിലേക്കും ആകർഷിക്കാൻ വന്നിരിക്കുന്നു. അവരുടെ വിശ്വാസപരവും കർമപരവുമായ അബദ്ധങ്ങൾ ഇല്ലാതാക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. പിന്നീട് കുറച്ചുവർഷങ്ങൾക്കുശേഷം ദൈവിക വെളിപാടുകൾ മുഖേന എനിക്ക് വ്യക്തമാക്കിത്തന്നത് ഈ ഉമ്മത്തിനുവേണ്ടി ആരംഭം മുതൽ പറയപ്പെട്ടിരുന്ന വാഗ്ദത്ത മസീഹും, ഇസ്‌ലാമിന്റെ ശോച്യാവസ്ഥയുടെ ഘട്ടത്തിൽ വഴികേടു പരക്കുന്ന കാലഘട്ടത്തിൽ അല്ലാഹുവിൽ നിന്ന് നേരിട്ട് സന്മാർഗം കരസ്ഥമാക്കി വരേണ്ട അവസാന കാലത്തെ മഹ്ദിയും ഈ ദൈവിക തളികയെ പുതിയ തലത്തിൽ മനുഷ്യന് മുന്നിൽ സമർപ്പിക്കാൻ ദൈവിക വിധിപ്രകാരം ഞാൻ നിയോഗിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതെകുറിച്ച് ഇന്നേക്ക് പതിമൂന്ന് നൂറ്റാണ്ടുകൾക്കു മുന്നേ നബി(സ)തിരുമേനി സുവാർത്ത നൽകിയതാണ്. അത് ഞാൻ ആകുന്നു. ദൈവിക വെളിപാടുകളും സംബോധനകളും തുടരെത്തുടരെ ആയി ഇറങ്ങുകയും ഇത് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് അറുതി വരുകയും ചെയ്തിരിക്കുന്നു. ഓരോ വഹിയും ആണി തറച്ചുകയറുന്നതുപോലെ ഹൃദയത്തിൽ തറഞ്ഞിരിക്കുന്നു. ഈ എല്ലാ ദൈവിക സംബോധനകളും മഹത്തായ പ്രവചനങ്ങൾ അടങ്ങിയതാണ്. അത് പകൽ വെളിച്ചം പോലെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു."(തദ്കിറത്തുശഹാദത്തയ്ൻ, റൂഹാനീ സാഇൻ വാള്യം 20, പേജ് 3–4)

വീണ്ടും പറയുന്നു: "അല്ലാഹുവിനെ തിരിച്ചറിയുന്നതിനുള്ള പ്രകാശം കുറഞ്ഞു കുറഞ്ഞു വരികയും അവസാനം ആയിരക്കണക്കിന് ദേഹേച്ഛകളുടെ അന്ധകാരാവരണങ്ങളിൽ മറഞ്ഞു പോകുകയും ചെയ്ത കാലഘട്ടമാണിത്. മാത്രമല്ല അധികമാളുകളും നിരീശ്വരത്വത്തിന്റെ വർണം ചാർത്തിയിരിക്കുന്നു. ഭൂമി തിന്മയും അതിക്രമവുംകൊണ്ട് നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് ദൈവിക പ്രതാപവും അന്തസ്സും, വീണ്ടും തന്റെ അസ്തിത്വം ജനങ്ങൾക്കുമുന്നിൽ വെളിപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് അവന്റെ ചിരപുരാതനമായ നടപടിക്രമം അനുസരിച്ച് നമ്മുടെ ഈ കാലഘട്ടത്തിൽ അത്തരം ഒരു അവസ്ഥയും അടയാളങ്ങളും ഒരുമിച്ചുകൂടിയപ്പോൾ അല്ലാഹു എന്നെ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഈമാനെയും ദിവ്യജ്ഞാനങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി നിയോഗിക്കുകയുണ്ടായി. അവന്റെ പിന്തുണയും അനുഗ്രഹവും മുഖേന എന്റെ കൈകളാൽ ദൈവികാടയാളങ്ങൾ വെളിപ്പെടുന്നു. അവന്റെ ഉദ്ദേശ്യവും ആഗ്രഹവുമനുസരിച്ച് ദുആകൾ സ്വീകരിക്കപ്പെടുന്നു. അദൃശ്യകാര്യങ്ങൾ പറഞ്ഞുകൊണ്ടു പോകുന്നു. വിശുദ്ധ ഖുർആനിന്റെ യാഥാർഥ്യവും അഭൗമിക ജ്ഞാനങ്ങളും വിവരിക്കപ്പെടുന്നു. ശരീഅത്തിന്റെ പ്രശ്ന സങ്കീർണ്ണതകൾ നിർധാരണം ചെയ്യപ്പെടുന്നു. വ്യാജത്തിന്റെ ശത്രുവും കറ്റുകെട്ടുകാരനെ നശിപ്പിക്കുന്നതുമായ അല്ലാഹുവാണ! ഞാൻ അവനിൽ നിന്നുള്ളവനാകുന്നു. അവൻ അയച്ചതുകൊണ്ട് കൃത്യസമയത്ത് വന്നിരിക്കുന്നു, അവന്റെ കല്പനകൊണ്ടാണ് ഞാൻ നില്ക്കുന്നത്. അവൻ എല്ലാ ചുവടിലും എന്നോടൊപ്പമുണ്ട്. അവൻ എന്നെ നഷ്ടപ്പെടുത്തുന്നതല്ല. എന്റെ ജമാഅത്തിനെ നാശത്തിന്റെ പടുകുഴിയിലേക്ക് തള്ളുന്നതുമല്ല. അവൻ തന്റെ ഉദ്ദേശ്യം പൂർത്തിയാക്കുകതന്നെ ചെയ്യും. അവൻ എന്നെ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ പ്രകാശത്തിന്റെ സമ്പൂർത്തീകരണത്തിനുവേണ്ടി നിയോഗിച്ചിരിക്കുന്നു. അവൻ എന്റെ സാക്ഷ്യത്തിന് റമളാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഉണ്ടാക്കി. ഭൂമിയിൽ നിരവധി അടയാളങ്ങൾ വെളിപ്പെടുത്തി. അതെല്ലാം ഒരു സത്യാന്വേഷിക്ക് മതിയായതാണ്. അങ്ങനെ അവൻ തന്റെ ന്യായപൂർത്തി വരുത്തിയിരിക്കുന്നു.(അർബയീൻ നമ്പർ 2,റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 347–348)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അന്യരായ ആളുകൾ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. അവരുടെ ചോദ്യം ശരിയുമാണ്. തങ്ങളെന്തിന് മസീഹ് മൗഊദിന്റെ വാദത്തെ അംഗീകരിക്കണം. അതായത് നിങ്ങൾ തന്നെയാണ് മസീഹ് മൗഊദ് എന്ന് ഞങ്ങൾ എന്തിന് അംഗീകരിക്കണം. ശരിയാണ്! കാലഘട്ടവും അവസ്ഥയും എല്ലാമുണ്ട്.

അടയാളങ്ങളും വെളിപ്പെടുന്നു. പക്ഷേ, നിങ്ങളാണ് മസീഹ് മൗഊദ് എന്ന് എങ്ങനെ അംഗീകരിക്കും? അദ്ദേഹം പറയുന്നു: ഇതിനുള്ള മറുപടിയെന്തെന്നാൽ വിശുദ്ധ ഖുർആനിൽ നിന്നും തിരുഹദീഥുകളിൽ നിന്നും വാഗ്ദത്ത മസീഹ് വെളിപ്പെടുമെന്ന് പറഞ്ഞ കാലഘട്ടവും രാജ്യവും നാടും കൂടാതെ മസീഹിന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനമായി പറഞ്ഞ പ്രത്യേക കർമങ്ങളും മസീഹ് മൗഊദിന്റെ അടയാളമായി വിവരിക്കപ്പെട്ട ആകാശഭൂമികളിൽനിന്നുള്ള ആപത്തുകളും മസീഹ് മൗഊദിന്റെ പ്രത്യേകതയായി വിവരിക്കപ്പെട്ട അറിവുകളും ദിവ്യജ്ഞാനങ്ങളുമെല്ലാംതന്നെ അല്ലാഹു എന്നിലും എന്റെ കാലഘട്ടത്തിലും എന്റെ രാജ്യത്തിലും ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ആപത്തുകളുമുണ്ടാകുന്നു. രോഗങ്ങളും വരുന്നു. ഭൂകമ്പങ്ങളും വരുന്നു. ദൈവികാടയാളങ്ങളും പൂർത്തിയാകുന്നു. എന്റെ വാദവും നിലനില്ക്കുന്നുണ്ട്. അല്ലാഹു എന്റെ കൈകളാൽ അടയാളങ്ങളും വെളിപ്പെടുത്തുന്നു എന്നിരിക്കെ, അത് ഞാനല്ലെന്ന് നിങ്ങളെങ്ങനെയാണ് പറയുന്നത്? ഇതു തന്നെയാണ് തെളിവ്. ആ എല്ലാ കാര്യങ്ങളും അല്ലാഹു എന്നിലും എന്റെ കാലഘട്ടത്തിലും എന്റെ രാജ്യത്തും സ്വരുക്കൂട്ടി. പിന്നെ കൂടുതൽ തൃപ്തി വരുത്തുന്നതിനുവേണ്ടി ദൈവിക സഹായങ്ങൾ എന്റെ കൂടെ ഉണ്ടാകുകയും ചെയ്തു."(കിതാബുൽബരിയ്യ, റൂഹാനീ ഖസാഇൻ വാള്യം 13, പേജ് 254–255, ബാക്കി അടിക്കുറിപ്പ്)

ദൈവിക സഹായങ്ങളെ കുറിച്ച് ആ മഹാത്മാവ് പറയുന്നു: "വാൽനക്ഷത്രം, സൂര്യചന്ദ്ര ഗ്രഹണങ്ങൾ, പ്ലേഗ് എന്ന മഹാമാരി പടർന്നു പിടിച്ചത്, ഭൂകമ്പങ്ങൾ വന്നത് അങ്ങനെ എല്ലാ കാര്യങ്ങളുമുണ്ടായി. ജമാഅത്തിന്റെ പുരോഗതിയെ കുറിച്ച് അതുപുലരുന്നതിനു മുമ്പേ തന്നെ അറിയിപ്പു നല്കുകയും അടയാളങ്ങളും സഹായങ്ങളും വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഒരുപാട് കാര്യങ്ങൾ വിവരിച്ചു. അദ്ദേഹം വൻ ഗ്രന്ഥങ്ങളെഴുതി. ഒന്നുരണ്ടു കാര്യങ്ങൾ സമർപിക്കുകയാണ്.

ഞാൻ പറഞ്ഞതുപോലെ അതിൽനിന്ന് ചില കാര്യങ്ങൾ ഇപ്രകാരമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഒരു മഹത്തായ ദൃഷ്ടാന്തം ഇപ്രകാരമാണ്. ഇന്നേക്ക് 23 വർഷം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ ഇങ്ങനെ ഇൽഹാമുണ്ട്. ജനങ്ങൾ ഈ പ്രസ്ഥാനത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതായിരിക്കും. 'ഇന്നും അത് തുടർന്ന് കൊണ്ടിരിക്കുന്നു. നൂറ്റിമുപ്പത്തിരണ്ടു വർഷം ആയിരിക്കുന്നു.' എല്ലാ കുതന്ത്രങ്ങളും അവർ പ്രയോഗിക്കും. പക്ഷേ, ഞാൻ ഈ പ്രസ്ഥാനത്തെ വലുതാക്കുന്നതാണ്. അല്ലാഹു പറയുന്നു: ഞാൻ അതിനെ പൂർത്തിയാക്കും. അതൊരു വൻ സൈന്യമായി മാറും. അന്ത്യനാൾവരെ അതിന്റെ ശ്രേഷ്ഠത നിലനിൽക്കും. ഞാൻ നിന്റെ നാമം ഭൂമിയുടെ അറ്റങ്ങളോളം പ്രസിദ്ധമാക്കുന്നതാണ്. ജനങ്ങൾ കൂട്ടംകൂട്ടമായി വരുന്നതായിരിക്കും. എല്ലാ ഭാഗത്തുനിന്നും സാമ്പത്തിക സഹായം വരുന്നതാണ്. ഭവനങ്ങൾ വിശാലമാക്കുക. ഇതിനുള്ള തയ്യാറെടുപ്പുകൾ നടന്നു കൊണ്ടിരിക്കുന്നു. നോക്കുക ഇത് ഏതു കാലത്തു നടത്തിയ പ്രവചനമാണ്. ഇന്ന് അത് പൂർത്തിയാകുന്നു. ഇത് ദൈവിക ദൃഷ്ടാന്തമാകുന്നു. കണ്ണുള്ളവർ കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ, അന്ധന്മാരുടെ പക്കൽ ഒരു അടയാളവും വെളിപ്പെട്ടിട്ടില്ല." (നുസൂലുൽമസീഹ് റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 384–385)

ഞാൻ പറഞ്ഞു വന്നതുപോലെ ഇതിന് ഒരുപാട് വിശദീകരണമുണ്ട്. ചില അടയാളങ്ങളും ഇവിടെ വിശദീകരിക്കാം. വൈജ്ഞാനിക അടയാളങ്ങളെയും സഹായങ്ങളെയും കുറിച്ച് ആ മഹാത്മാവ് പറയുന്നു: "ഒരിക്കൽ ഒരു ഹിന്ദു മാന്യൻ ഖാദിയാനിൽ എന്റയടുത്തുവന്നു. എനിക്ക് അദ്ദേഹത്തിന്റെ പേര് ഓർമയില്ല." തുടർന്ന് എഴുതുന്നു: "അദ്ദേഹത്തിന്റെ പേര് സ്വാമി ശകുൻചന്ദ്ര ആണെന് എനിക്ക് ഓർമ വരുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ഒരു മത മഹാ സമ്മേളനം നടത്താൻ ഉദ്ദേശിക്കുന്നു. അതായത് ഒരു മതസമ്മേളനം നടത്താനാഗ്രഹിക്കുന്നു. താങ്കളും താങ്കളുടെ മതത്തിന്റെ ശ്രേഷ്ഠതകളെ കുറിച്ച് പ്രബന്ധം തയ്യാറാക്കി ഈ സമ്മേളനത്തിൽ അവതരിപ്പിക്കണം. ഞാൻ ഒഴികഴിവ് പറഞ്ഞു. പക്ഷേ, ഇദ്ദേഹം എന്നോട് എഴുതാൻ നിർബന്ധിക്കുകയായിരുന്നു. പക്ഷേ, എനിക്ക് അതിനുള്ള കഴിവില്ലെന്ന് എനിക്കറിയാം. അല്ലാഹു പറയാതെ എനിക്ക് സംസാരിക്കാൻ കഴിയില്ല. അവൻ കാണിച്ചുതരാതെ എനിക്കൊന്നും കാണാൻ കഴിയില്ല. അതുകൊണ്ട് ഞാൻ ദൈവിക സവിധത്തിൽ, എല്ലാ പ്രഭാഷണങ്ങളെക്കാളും മികച്ചു നിൽക്കുന്ന പ്രഭാഷണം ദൈവികമായി കിട്ടുന്നതിനുവേണ്ടി ഞാൻ ദുആ ചെയ്തു. ദുആക്കുശേഷം ഞാൻ കാണുന്നത് ഒരു പ്രത്യേക ശക്തി എന്നിലേക്ക് സന്നിവേശിപ്പിക്കപ്പെട്ടതായിട്ടാണ്. ഞാൻ ഒരു ദൈവിക ശക്തിയുടെ ചലനം എനിക്കുള്ളിൽ അനുഭവിച്ചു. ആ സമയത്തുണ്ടായിരുന്ന എന്റെ സുഹൃത്തുക്കൾക്കറിയാം, ഞാൻ പ്രബന്ധത്തിന് വേണ്ടി കരടൊന്നും തയ്യാറാക്കിയില്ല. എഴുതിയതെല്ലാം അങ്ങനെ തന്നെ തയ്യാറാക്കി. വളരെ വേഗത്തിലും ശീഘ്രഗതിയിലും എഴുതിയതുകൊണ്ട് പകർത്തി എഴുതുന്നവർക്ക് പ്രയാസം അനുഭവപ്പെട്ടിരുന്നു. ഞാൻ ലേഖനം എഴുതി പൂർത്തിയായപ്പോൾ "മള്‌മൂൻ ബാലാ രഹാ" ഉപന്യാസം മുന്തിനിന്നു എന്ന ഇൽഹാമുണ്ടായി. ചുരുക്കത്തിൽ ആ പ്രബന്ധം അവിടെ അവതരിക്കപ്പെട്ടപ്പോൾ ശ്രോതാക്കളിൽനിന്നുണ്ടായത് പ്രത്യേക അവസ്ഥയായിരുന്നു. എല്ലാ ഭാഗത്തു നിന്നും അതിനെ ശ്ലാഘിച്ചുകൊണ്ട് ശബ്ദമുയരാൻ തുടങ്ങി. ആ സമ്മേളനത്തിന്റെ അധ്യക്ഷൻ ആയിരുന്ന ഹിന്ദു മാന്യന്റെ വായിൽ നിന്ന് പ്രസ്തുത പ്രഭാഷണം മറ്റെല്ലാ പ്രഭാഷണങ്ങളെക്കാളും വെല്ലുന്നതായിരുന്നുവെന്ന് പുറത്തുവന്നു. ലാഹോറിൽ നിന്നു ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്ന സിവിൽ ആൻഡ് മിലിട്ടറി ഗസറ്റിലും സാക്ഷ്യം എന്നോണം പ്രസിദ്ധീകരിച്ചത് ഈ ഉപന്യാസം വെല്ലുന്നതായിരുന്നുവെന്നാണ്. മാത്രമല്ല ഇരുപതോളം ഉർദു പത്രങ്ങളും ഇതേ സാക്ഷ്യംതന്നെ നൽകി. ചില പക്ഷപാതികളായ ആളുകൾ ഒഴികെ മറ്റെല്ലാവരുടെയും നാവിൽനിന്നും ഈ ഉപന്യാസം വിജയപ്രദമായിരുന്നു എന്നും ഇന്നുവരെയും നൂറു കണക്കിന് ആളുകൾ പ്രസ്തുത സാക്ഷ്യം നല്കികൊണ്ടിരിക്കുകയും ചെയ്യുന്നു. മാത്രമല്ല ഇന്നും ഇസ്‌ലാമി ഉസൂൽ കി ഫിലാസാഫി എന്ന ഈ ഗ്രന്ഥം വായിച്ചതിനുശേഷം ജനങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ച് കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഓരോരോ സംഘടനയുടെയും സാക്ഷ്യവും ഇംഗ്ലീഷ് പത്രങ്ങളുടെ സാക്ഷ്യവും ഉപന്യാസം വെല്ലുന്നതാണെന്ന എന്റെ പ്രവചനത്തെ സാധൂകരിക്കുന്നു. ഈ മത്സരം മൂസാനബിക്ക് ജാലവിദ്യക്കാരുമായി ചെയ്ത മത്സരത്തിന് സമാനമാണ്. കാരണം ഈ സമ്മേളനത്തിൽ വ്യത്യസ്ത ചിന്താഗതികളുള്ള ആളുകൾ താന്താങ്ങളുടെ മതങ്ങളെ കുറിച്ച് പ്രഭാഷണങ്ങൾ കേൾപ്പിച്ചിരുന്നു. അവരിൽ ക്രിസ്ത്യാനിയും സനാതന ധർമിയായ ഹിന്ദുവും ആര്യസമാജിയായ ഹിന്ദുവും ചില ബ്രാഹ്മണന്മാരും കുറച്ച് സിഖുകാരും നമ്മുടെ എതിരാളികളായ മുസ്‌ലിമീങ്ങളുമുണ്ടായിരുന്നു. എല്ലാവരും താന്താങ്ങളുടെ വടികൾകൊണ്ട് മിഥ്യാ രീതിയിലുള്ള പാമ്പുകൾ ഉണ്ടാക്കിയിരുന്നു. എന്നാൽ, അല്ലാഹു എന്റെ കൈകളിലൂടെ ഇസ്‌ലാമിക സത്യസന്ധതയുടെ ദണ്ഡിനെ വളരെ പരിശുദ്ധവും ദിവ്യജ്ഞാനത്തിൽ അധിഷ്ഠിതവുമായ പ്രഭാഷണത്തിന്റെ തലത്തിൽ അവർക്കെതിരിൽ കൊണ്ടുവന്നപ്പോൾ അതൊരു മലമ്പാമ്പായി മാറി സകലതിനെയും വിഴുങ്ങികളഞ്ഞു. എന്റെ നാവിലൂടെ നിർഗമിച്ച ഈ പ്രഭാഷണത്ത ഇന്നും ജനങ്ങൾ പ്രശംസിക്കുന്നു. അൽഹംദു ലില്ലാഹി അലാ ദാലിക്ക്. (ഹഖീഖത്തുൽവഹി റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 291–292, അടിക്കുറിപ്പോടുകൂടി)

പിന്നീട് മറ്റൊരു പ്രവചനത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു: "ഇത് ബറാഹീനെ അഹ്മദിയ്യായിൽ പരാമർശിക്കപ്പെട്ട ദൈവിക അടയാളമാകുന്നു. അതിപ്രകാരമാകുന്നു, യാ അഹ്മദു. ഫാളത്തിർറഹ്മത്തു അലാ ശഫ്ത്തയ്ക്ക. അല്ലയോ അഹ്മദേ! സാഹിത്യസമ്പുഷ്ടതയുടെ അരുവി നിന്റെ അധരങ്ങൾക്ക് നൽകിയിരിക്കുന്നു. ഇതിന്റെ സാക്ഷ്യം പല വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നു. സാഹിത്യസമ്പുഷ്ഠമായ അറബി ഭാഷയിൽ പല ഗ്രന്ഥങ്ങൾ രചിച്ച് ആയിരക്കണക്കിന് രൂപയ്ക്ക് വെല്ലുവിളിച്ചുകൊണ്ട് ഇസ്‌ലാമിന്റെയും ക്രിസ്തുമതത്തിന്റെയും പണ്ഡിതന്മാർക്കു മുന്നിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ, ആരും തന്നെ തലപൊക്കിയില്ല. ആരും എതിരിൽ വന്നതുമില്ല. ഇത് അല്ലാഹുവിന്റെ അടയാളമാണോ അതോ മനുഷ്യന്റെ തന്ത്രമാണോ? ജനങ്ങൾ പലതും പറയുന്നു, ഇന്നും പറയുന്നുണ്ട്. എന്നാൽ, അന്നേരം ആരും തന്നെ മൽസരത്തിന് വന്നിരുന്നില്ല.

പിന്നീട് ദുആ സ്വീകാര്യതയുടെ ഒരു സംഭവം അടയാളമെന്ന നിലയിൽ പരാമർശിച്ചുകൊണ്ട് പ


**ത്വാലിബെ ദുആ**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.' (ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**


**ത്വാലിബെ ദുആ: ANWAR SADAT AND FAMILY JAMA-ATH AHMADIYYA,PATHAPIRIYAM**

റയുന്നു, “ധാരാളം സംഭവങ്ങളുണ്ട്. ഒന്ന് ഞാൻ സമർപ്പിക്കുകയാണ്. പറയുന്നു, അന്നാളുകളിൽ വെളിപ്പെട്ട ഒരു അടയാളം ഒരു ദുആയുടെ സ്വീകാര്യതയുടെ അടയാളമാകുന്നു. യഥാർഥത്തിൽ അത് മരിച്ചവരിൽനിന്ന് ജീവിപ്പിച്ചതിനു തുല്യമാണ്. അതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു, ഹൈദ്രാബാദ് ദക്കൻ വാസിയായ അബ്ദുർറഹ്മാനിന്റെ മകൻ അബ്ദുൽകരീം നമ്മുടെ മദ്രസയിൽ ചേർന്നു. അവനെ വിധിയനുസരിച്ച് പേപ്പട്ടി കടിക്കുകയുണ്ടായി. പേപ്പട്ടി അവനെ കടിച്ചു. നാം ചികിത്സയ്ക്കായി അവനെ കസൗലിയിലേക്ക് അയച്ചു. ഏതാനും ദിവസം കസൗലിയിൽ ചികിത്സയിലായിരുന്ന ശേഷം ഖാദിയാനിൽ തിരിച്ചെത്തി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവനിൽ പേയുടെ ലക്ഷണങ്ങൾ വെളിപ്പെടാൻ തുടങ്ങി. പേപ്പട്ടി കടിച്ചാൽ വെളിപ്പെടാറുള്ള ലക്ഷണങ്ങൾ വീണ്ടും കാണിക്കാൻ തുടങ്ങി. വെള്ളം കണ്ടാൽ ഭയക്കാൻ തുടങ്ങി. വളരെ ഭീതിജനകമായ അവസ്ഥ ഉണ്ടായി. അന്നേരം അന്യനാട്ടുകാരനായ ആ കുട്ടിക്കുവേണ്ടി എന്റെ മനസ്സ് അസ്വസ്ഥമായി. അന്യാട്ടുകാരൻ, സ്വന്തം നാട്ടിൽനിന്ന് ദൂരത്താണുള്ളത്. ദരിദ്രനുമാണ്. എന്റെ മനസ് അങ്ങേയറ്റം അസ്വസ്ഥമായി. ദുആയ്ക്കായി പ്രത്യേക ശ്രദ്ധ ഉണ്ടായി. ആ പാവം അല്പനേരങ്ങൾക്കുശേഷം മരിച്ചുപോകുന്നതാണെന്ന് എല്ലാവരും കരുതി. നിസഹായനായ അവനെ ബോർഡിങ്ങിൽനിന്ന് മാറ്റി ഒരു പ്രത്യേക മുറിയിൽ എല്ലാവരിൽ നിന്നുമകറ്റി എല്ലാ കരുതലുകളോടുംകൂടി താമസിപ്പിച്ചു. കസൗലിയിലെ ബ്രിട്ടീഷുകാരനായ ഡോക്ടർക്ക് കമ്പിയടിച്ചു കൊണ്ട് ഈയവസ്ഥയിൽ എന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ചു. അവിടെനിന്ന് മറുപടി കമ്പി സന്ദേശം വന്നു, സോറി! ഇതിന് ഇനിയൊരു ചികിൽസയുമില്ല. എന്നാൽ, അന്യനാട്ടുകാരനായ ആ പാവം കുട്ടിക്കുവേണ്ടി എന്റെ മനസ്സിൽ പ്രത്യേക ശ്രദ്ധയുണ്ടായി. കൂടാതെ എന്റെ മിത്രങ്ങളും അവനുവേണ്ടി ദുആ ചെയ്യാൻ പ്രേരിപിച്ചുകൊണ്ടിരുന്നു. കാരണം ദാരിദ്ര്യത്തിന്റെ ആ അവസ്ഥയിൽ അവൻ കാരുണ്യത്തിന് അർഹനായിരുന്നു. അതോടൊപ്പം അഥവാ അവൻ മരണപ്പെടുകയാണെങ്കിൽ ആ മരണത്തിന്റെ ദുഷ്പ്രഭാവം ശത്രുക്കളുടെ സന്തോഷത്തിന് കാരണമായിത്തീരുന്നതാണെന്ന ഒരു ആശങ്കയും മനസിലുണ്ടായി. ദുആ സ്വീകാര്യതയുടെ വലിയ വാദക്കാരാണല്ലോ എന്ന് പറഞ്ഞ് ശത്രുക്കൾ ബഹളം കൂട്ടുന്നതായിരിക്കും. അന്നേരം എന്റെ ഹൃദയത്തിൽ അവനുവേണ്ടി വളരെയധികം വേദനയും അസ്വസ്ഥതയും ഉടലെടുത്തു. അസാധാരണമായ ഒരു ശ്രദ്ധ ഉണ്ടായി. അത് സ്വന്തം നിയന്ത്രണത്തിലല്ല പ്രത്യുത അല്ലാഹുവിൽനിന്നാണുണ്ടായത്. ദുആക്കുള്ള അത്തരം അവസ്ഥ ഉണ്ടാകുകയാണെങ്കിൽ പിന്നെ അല്ലാഹുവിന്റെ അനുമതിയാൽ അത് അതിന്റെ പ്രഭാവം കാണിക്കുകയും ചെയ്യുന്നതാണ്. അതായത് അതിലൂടെ മരിച്ചവൻ ജീവിക്കുന്നു. ചുരുക്കത്തിൽ അവനുവേണ്ടി അല്ലാഹുവിൽ നിന്നുള്ള സ്വീകാര്യതയുടെ അവസ്ഥ ഉണ്ടായി. ആ അവസ്ഥ പാരമ്യതയിലെത്തിയപ്പോൾ, വേദന എന്റെ മനസ്സിനെ പൂർണമായും വലയം ചെയ്തപ്പോൾ വേദനാ നിർഭരമായ ദുആക്കുള്ള അവസ്ഥ കൈവന്നു. അന്നേരം യഥാർഥത്തിൽ മൃതനായിക്കഴിഞ്ഞിരുന്ന ആ രോഗിയിൽ ഈ ദുആയുടെ പ്രഭാവം വെളിപ്പെടാൻ തുടങ്ങി അവന് വെള്ളം കണ്ടാൽ പേടിയായിരുന്നു, അല്ലെങ്കിൽ വെളിച്ചത്തിൽനിന്ന് ഓടിയകലുമായിരുന്നു. പെട്ടെന്ന് അവന്റെ അവസ്ഥയിൽ മാറ്റം വരാൻ തുടങ്ങി. എനിക്കിപ്പോൾ വെള്ളത്തെ ഭയമില്ല എന്നവൻ പറഞ്ഞു. അവന് വെള്ളം കൊടുത്തപ്പോൾ ഒരു ഭയവും കൂടാതെ അത് കുടിച്ചു. മാത്രമല്ല, വെള്ളം കൊണ്ട് വുളു ചെയ്ത് നമസ്കരിക്കുകയും ചെയ്തു. രാത്രി മുഴുവനും ഉറങ്ങി. ഭയാനകമായ അവസ്ഥയിൽ മാറ്റമുണ്ടാകുകയും ഏതാനും ദിവസങ്ങൾക്കുള്ളിൽ പൂർണ ആരോഗ്യവാനാകുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘അന്നേരംതന്നെ എന്റെ മനസിൽ ഇടപ്പെട്ടത്, അവനിലുണ്ടായ ഈ പേയുടെ അവസ്ഥ അവനെ ഇല്ലാതാക്കുന്നതിനായിട്ടായിരുന്നില്ല, മറിച്ച്, അല്ലാഹുവിന്റെ അടയാളം വെളിപ്പെടുന്നതിനായിട്ടായിരുന്നു എന്നായിരുന്നു. ആരെയെങ്കിലും പേപ്പട്ടി കടിക്കുകയും അയാളിൽ പേയുടെ ലക്ഷണങ്ങൾ വെളിപ്പെടുകയും ചെയ്തശേഷം ലോകത്ത് ആരും തന്നെ ആ രോഗത്തിൽനിന്ന് മുക്തി നേടിയിട്ടില്ലെന്നാണ് അനുഭവസ്ഥർ പറയുന്നത്. കസൗലിയിൽ, സർക്കാർ ഇതേ രോഗത്തിന്റെ ചികിത്സയ്ക്കായി നിയിച്ചിച്ചുള്ള അനുഭവസമ്പന്നനായ ഡോക്ടർ നമ്മുടെ കമ്പിയ്ക്ക് മറുപടിയായി വ്യക്തമായ ഭാഷയിൽ പറഞ്ഞ മറുപടി ഇനി ഇതിന് ചികിത്സയൊന്നുമില്ലെന്നായിരുന്നു. ഇനി ഇതിലും വലിയ എന്ത് തെളിവാണ് വേണ്ടത്?”(തത്തിമ്മയെ ഹഖീഖത്തുൽ വഹി, റൂഹാനീ ഖസായിൻ വാള്യം 22, പേജ് 480–481)

പീന്നീട് ഡൂയിയുടെ അടയാളത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: “അമേരിക്കയുടെയും യൂറോപ്പിന്റെയും വീക്ഷണത്തിൽ ചക്രവർത്തിയെപോലെ പ്രതാപവും പ്രൗഢിയും കരസ്ഥമാക്കിയിരുന്ന ഡോക്ടർ ഡൂയിയെ എന്റെ വെല്ലുവിളിയുടെയും ദുആയുടെയും ഫലമായി അല്ലാഹു നശിപ്പിക്കുകയും ഒരു ലോകത്തെതന്നെ എന്നിലേക്ക് ചായ്ക്കുകയും ചെയ്തു. ഈ സംഭവം ലോകത്തുള്ള എല്ലാ പ്രധാന പത്രങ്ങളിലൂടെയും ആഗോള പ്രശസ്തി നേടിയ സർവസാധാരണ വാർത്തയായി മാറിയിരുന്നു.”(തത്തിമ്മയെ ഹഖീഖത്തുൽ വഹി, റൂഹാനീ ഖസായിൻ വാള്യം 22, പേജ് 553)

പിന്നീട് ആ മഹാത്മാവ് മറ്റൊരു അടയാളത്തെ കുറിച്ച് പറയുന്നു: “മൗലവി ഗുലാം ദസ്തഗീർ ഖസൂരി സ്വന്തമായി എന്നോട് മുബാഹല നടത്തി. തന്റെ പുസ്തകത്തിൽ ദുആ ചെയ്തുകൊണ്ട് എഴുതി, കള്ളവാദിയെ അല്ലാഹു നശിപ്പിക്കട്ടെ. ഇത് ഏകപക്ഷീയമായ മുബാഹലയായിരുന്നു. പിന്നീട് ആ ദുആയുടെ ഫലമായി ഏതാനും ദിവസങ്ങൾക്കുശേഷം ആ മൗലവി സ്വയം നശിക്കുകയും ചെയ്തു. എതിരാളികളായ മൗലവിമാർക്കുള്ള വലിയ ഒരു അടയാളമാകുന്നു ഇത്; മനസ്സിലാക്കുകയാണെങ്കിൽ! (ഹഖീഖത്തുൽ വഹി, റൂഹാനീ ഖസായിൻ വാള്യം 22, പേജ് 239)

പിന്നീട് അല്ലാഹുവിന്റെ സഹായം തന്നോടൊപ്പം എപ്രകാരമാണുള്ളതെന്നതിന് സംബന്ധിച്ച് മറ്റൊരു അടയാളം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, “മൗലവി ഗുലാം ദസ്തഗീർ ഖസൂരിയുടെ പുസ്തകം വായിച്ചാൽ അയാൾ എങ്ങനെയാണ് സ്വയം എന്നോട് മുബാഹല നടത്തിയതെന്നും, ഫയ്ളെ റഹ്മാനി എന്ന തന്റെ ഗ്രന്ഥത്തിൽ അത് പ്രസിദ്ധീകരിച്ചതെന്നും എല്ലാ വിഭാഗത്തിലുമുള്ള മൗലവിമാർക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. നേരത്തെ പറഞ്ഞ മൗലവിയെ കുറിച്ചാണ് പരാമർശം. ഫയ്ളെ റഹ്മാനി എന്ന തന്റെ ഗ്രന്ഥത്തിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. പിന്നീട് ആ മുബാഹലയുടെ ഏതാനും നാളുകൾക്കുശേഷം മരണപ്പെടുകയും ചെയ്തു. ജമ്മുക്കാരനായ ചിരാഗ് ദീൻ സ്വയം മുബാഹല നടത്തിക്കൊണ്ട് എഴുതി, ഞങ്ങളിൽ നിന്നുള്ള വ്യാജവാദിയെ അല്ലാഹു നശിപ്പിക്കുന്നതായിരിക്കും. പിന്നീട് അതിന് ഏതാനും നാളുകൾക്കു ശേഷം പ്ലേഗു പിടിപ്പെട്ട് തന്റെ രണ്ട് മക്കളോടൊപ്പം മരണപ്പെടുകയും ചെയ്തു. ഇയാൾ ജമ്മുവിലുള്ള മറ്റൊരു മൗലവിയായിരുന്നു.

വീണ്ടും ആ മഹാത്മാവ് പറയുന്നു: “എന്റെ സമുദായം എന്നിൽ ആരോപിക്കുന്ന വിവിധങ്ങളായ ആക്ഷേപങ്ങളെ ഞാൻ വകവെക്കാറില്ല. അഥവാ ഞാൻ അവരെ ഭയന്നുകൊണ്ട് സത്യമാർഗത്തെ ഉപേക്ഷിക്കുകയാണെങ്കിൽ അത് കഠിനമായ വിശ്വാസവഞ്ചനയായിരിക്കും. ഒരു വ്യക്തിക്ക് അല്ലാഹു സ്വയം ദീർഘവീക്ഷണം നൽകുകയും സ്വയം അയാൾക്ക് മാർഗനിർദേശങ്ങൾ നൽകുകയും അയാളോടു സ്വയം സംസാരിക്കുകയും അയാളുടെ സത്യസാക്ഷ്യത്തിന് ആയിരക്കണക്കിന് അടയാളങ്ങൾ കാണിക്കുകയും ചെയ്യുമ്പോൾ ഒരു എതിരാളിയുടെ സങ്കല്പത്തിന് വിലകൽപിച്ച് സ്പഷ്ടമായ സത്യത്തിൽനിന്ന് മുഖം തിരിക്കേണ്ട ആവശ്യമെന്തെന്ന് അവർ സ്വയം ചിന്തിക്കട്ടെ. എനിക്ക് ജനങ്ങളുടെ വാക്കുകൾ കാരണത്താൽ സത്യത്തെ ഉപേക്ഷിക്കാൻ സാധ്യമല്ല. അവിടന്ന് പറയുന്നു: എതിരാളികൾ എന്റെ ആന്തരികവും ബാഹ്യവുമായ ന്യൂനതകൾ അന്വേഷിക്കുന്നതിൽ വ്യാപൃതരാണെന്നതും ഞാൻ പരിഗണിക്കുന്നില്ല. കാരണം അതിലൂടെയും എന്റെ ദൃഷ്ടാന്തം തന്നെയാണ് സ്ഥാപിതമാകുക. അഥവാ ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ അതിലൂടെ എന്റെ ദൃഷ്ടാന്തമാണ് സ്ഥാപിതമാകുക. ഇത് എങ്ങനെയാണ് സ്ഥാപിതമാകുക. അഥവാ എന്റെ ഉള്ളിൽ എല്ലാ തരത്തിലുള്ള ന്യൂനതകളുമുണ്ട്, ഇന്ന ഇന്ന

## • കലാമുൽ ഇമാം •

**‘ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.’(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD
SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

## • കലാമുൽ ഇമാം •

**‘നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!’ (മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA CONT: 80752 22792

ദോഷങ്ങളുണ്ട് എന്ന് അവർ പറയുന്നതുപോലെ, എല്ലാ ദോഷങ്ങളും എന്നിലുണ്ടെങ്കിൽ, അവർ പറയുന്നതുപോലെ ഞാൻ വാഗ്ദാന ലംഘകനാണ്, കള്ളം പറയുന്നവനാണ്, ദജ്ജാലാണ്, കറ്റു കെട്ട് പറയുന്നവനാണ്, വഞ്ചകനാണ്, നിഷിദ്ധമായത് ഭക്ഷിക്കുന്നവനാണ്, സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കുന്നവനും കലഹമുണ്ടാക്കുന്നവനുമാണ്, അക്രമിയുമാണ്, 30 വർഷമായി അല്ലാഹുവിൽ കറ്റുകെട്ടിപ്പറയുന്നവനാണ്, സദ്വൃത്തരെയും സൽപ്രകൃതക്കാരെയും അസഭ്യം പറയുന്നവനാണ്, എന്റെയുള്ളിൽ അക്രമവും അനീതിയും ശരീരേഛയും അല്ലാതെ ഒന്നുംതന്നെയില്ല, കേവലം ജനങ്ങളെ പറ്റിക്കുന്നതിനായിട്ടാണ് ഇതെല്ലാം തുടങ്ങിയിരിക്കുന്നത്, കൂടാതെ നഊദുബില്ലാഹ് അവരുടെ വാക്കുകളനുസരിച്ച് എനിക്ക് അല്ലാഹുവിലുള്ള വിശ്വാസവുമില്ല, ലോകത്തുള്ള ഒരു ദോഷവും അവർ എന്നിൽ ആരോപിക്കാതിരുന്നിട്ടില്ല. എന്നാൽ ലോകത്തുള്ള സകല ദോഷവും എന്നിലുണ്ടായിരുന്നിട്ടുകൂടി എല്ലാ അക്രമങ്ങളാലും എന്റെ മനസ് നിറഞ്ഞിരുന്നിട്ടും ധാരാളം ആളുകളുടെ സമ്പത്ത് ഞാൻ അകാരണമായി തിന്നിട്ടും (അതായത് ഇവർ എന്നെ കുറിച്ച് തിന്നു എന്ന് പറയുന്നു) മലക്കുകളുടെ സ്വഭാവമുള്ളവരെ (അതായത് പരിശുദ്ധരായ ആളുകളെ) തെറിപറഞ്ഞിട്ടും എല്ലാ തിന്മയിലും വഞ്ചനയിലും ഏറ്റവുമധികം ഭാഗഭാക്കായിട്ടും അതായത് തിന്മയുള്ളവനും ദുർനടപ്പുകാരനും വഞ്ചകനും വ്യാജനും ഒക്കെ ഞാനായിരുന്നുവെങ്കിൽ എനിക്കെതിരിൽ മലക്കുകളെ പോലെയുള്ള ആളുകൾ വന്നിട്ടും അവർ തന്നെയാണ് പരാജിതരായത്. എന്നോട് മുബാഹല ചെയ്തവർ നശിച്ചൊടുങ്ങി. എനിക്കെതിരിൽ ശാപപ്രാർഥന ചെയ്തവനിൽത്തന്നെ അത് തിരിച്ചടിച്ചു. എനിക്കെതിരിൽ കോടതിയിൽ കേസു കൊടുത്തവർതന്നെ പരാജയപ്പെട്ടു. എല്ലാ തിന്മകളും എന്റെ ഉള്ളിലുള്ളതാണെങ്കിൽ എനിക്കെതിരിൽ വന്നവരെയൊക്കെ അല്ലാഹു നശിപ്പിക്കുകയും ചെയ്തു. എനിക്ക് വിജയങ്ങൾ നൽകുകയും ചെയ്തു. വിചിത്രമായ ആരോപണങ്ങളാണ് എനിക്കെതിരിലുള്ളത്. ഈ ഹഖീഖത്തുൽ വഹ്‌യ് എന്ന പുസ്തകത്തിൽ ഏതാനും ഉദാഹരണങ്ങൾ വിവരിച്ചിട്ടുണ്ട്. അത് വായിക്കുന്നവർക്ക് നിരവധി കാര്യങ്ങളും അടയാളങ്ങളും കാണാൻ കഴിയുന്നതാണ്." ആ മഹാത്മാവ് പറയുന്നു: "ഇത്തരം മത്സരഘട്ടത്തിൽ ഞാൻ പരാജയപ്പെടുകയും എന്നിൽ ഇടിത്തീ വീഴുകയും ചെയ്യണമായിരുന്നു. എന്നിൽ ഇവർ പറയുന്ന എല്ലാ തിന്മകളും ഉണ്ടായിരുന്നെങ്കിൽ എനിക്കുമേൽ ഇടിത്തീ വീഴുകയും ഞാൻ നശിപ്പിക്കപ്പെടുകയും ചെയ്യുമായിരുന്നു. മറിച്ച് എനിക്കെതിരിൽ വരേണ്ട കാര്യം ആർക്കും തന്നെ ഇല്ലായിരുന്നു. ഞാൻ അങ്ങനെയുള്ളവൻ ആയിരുന്നുവെങ്കിൽ എനിക്കെതിരിൽ ആരും വരേണ്ടിയിരുന്നില്ല, കാരണം അല്ലാഹു കുറ്റവാളിയുടെ ശത്രുവാകുന്നു. അല്ലാഹു ലോകത്ത് കുഴപ്പങ്ങൾ ആഗ്രഹിക്കുന്നില്ല. പറയുന്നു: "അല്ലാഹുവിനെ മുൻനിറുത്തി ചിന്തിക്കുവിൻ. എന്തുകൊണ്ടാണ് ഈ വിപരീത ഫലങ്ങളുണ്ടാകുന്നത്. എനിക്കെതിരിൽ (പേരിനു മാത്രം) നന്മയുള്ളവർ എന്തുകൊണ്ട് നശിപ്പിക്കപ്പെട്ടു. എല്ലാ മത്സരത്തിലും അല്ലാഹു എന്നെ സംരക്ഷിച്ചു. ഇതിലൂടെ എന്റെ കറാമത്ത് സ്ഥാപിതമാകുന്നില്ലേ? എനിക്കെതിരിൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളും എന്റെ കറാമത്ത് ആകുന്നു. അതിലൂടെയും എന്റേയും സത്യം വെളിപ്പെട്ടു. ചുരുക്കത്തിൽ എന്നിലേക്ക് ആരോപിക്കപ്പെടുന്ന തിന്മകളും എന്റെ കറാമത്ത് സ്ഥാപിക്കുന്നുവെന്നത് അല്ലാഹുവിന് നന്ദി പറയേണ്ട ഘട്ടമാകുന്നു.(ഹഖീഖത്തുൽ വഹി, റൂഹാനീ ഖസായിൻ വാല്യം 22, പേജ് 2)

ഏതായാലും ആ മഹാത്മാവിന്റെ ഉദ്ധരണികളിൽനിന്ന് സംക്ഷിപ്തമായി ചില ഉദാഹരണങ്ങളും കാര്യങ്ങളും ഞാൻ വിവരിച്ചു. എതിരാളികൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുകയും അദ്ദേഹത്തോടുള്ള ദൈവിക സഹായങ്ങളും അടയാളങ്ങളും കാണുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായേനെ! അത് വിശേഷണങ്ങളെന്ന നിലക്കു മാത്രമല്ല. ഞാൻ പറഞ്ഞത് പോലെ നിരവധി ഗ്രന്ഥങ്ങളിൽ അവയുണ്ട്. കാലഘട്ടത്തിന്റെ ആവശ്യത്തെയും നോക്കുക. മറിച്ച് ആരോപണം ഉന്നയിക്കുന്ന ഉലമാക്കളും ഈ കാലഘട്ടം ഒരു പരിഷ്കർത്താവിനേയും മഹ്ദിയെയും കാത്തിരിക്കുന്നു എന്ന് പറയുന്നു. എന്നിട്ടും അല്ലാഹു നിയോഗിച്ച ആളെ നിഷേധിക്കുകയും പൊതു മുസ്‌ലിമീങ്ങളെ വഴി തെറ്റിക്കുകയും ചെയ്യുന്നു. ദൈവിക ദൃഷ്ടാന്തങ്ങൾ പൂർത്തിയായി. നബി(സ)തിരുമേനിയുടെ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടു. എന്നിട്ടും അവർ തങ്ങളുടെ ദൗർഭാഗ്യത്തെയാണ് വിളിച്ചു കൊണ്ടിരിക്കുന്നത്. ഈ ഭാഗത്തേക്ക് നോക്കുന്നില്ല. ഇന്ന് മുസ്‌ലിമീങ്ങൾ, വരാനുള്ള മഹ്ദി എന്ന് മനസ്സിലാക്കുകയും നബി(സ)തിരുമേനിയുടെ സത്യപ്രേമിയും ഭക്ത ദാസനും ഇദ്ദേഹമാണെന്ന് മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ ബയ്അത്തിൽ പ്രവേശിക്കേണ്ടത് നബി(സ)തിരുമേനിയുടെ കല്പന അനുസരിച്ച് അനിവാര്യമാണെന്ന് തിരിച്ചറിയുകയും പരിപൂർണ കൂറോടുകൂടി അദ്ദേഹത്തിന്റെ ബയ്അത്തിൽ പ്രവേശിക്കുകയുമാണെങ്കിൽ മുസ്‌ലിമീങ്ങൾക്ക് ലോകത്ത് തങ്ങളുടെ ശ്രേഷ്ഠത്വം സ്ഥാപിക്കാൻ കഴിയുന്നതാണ്. അതല്ലെങ്കിൽ ഇപ്പോഴുള്ള അവസ്ഥ തുടരുന്നതാണ്. ഇദ്ദേഹത്തെ സ്വീകരിച്ചതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ കഴിയുന്നതാണ്. അല്ലാഹു അവർക്ക് ബുദ്ധിയും ബോധവും നൽകുമാറാകട്ടെ.

റമളാൻ മാസത്തിൽ അഹ്മദികൾ തങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നതോടൊപ്പം ജമാഅത്തിനെ എല്ലാ ഫിത്നയിൽനിന്ന് രക്ഷപ്പെടുത്താൻ വേണ്ടിയും ദുആ ചെയ്യുക. മുസ്‌ലിം ഉമ്മത്തിന് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ കണ്ണുകൾ തുറക്കുകയും അന്ധകാരത്തിൽനിന്ന് പുറത്തുകൊണ്ടുവരുകയും നബി(സ)തിരുമേനിയുടെ ഖത്മുനുബുവ്വത്തിന്റെ സ്ഥാനം ശരിയായ രീതിയിൽ –അത് ശരിയായ രീതിയിൽ മനസ്സിലാക്കുന്നത് വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയും(അ) അദ്ദേഹത്തിന്റെ ജമാഅത്തുമാണെന്നും ഇവർക്ക് തിരിച്ചറിയാൻ കഴിയുമാറാകട്ടെ. പാകിസ്താനിലെ അഹ്മദികൾ പ്രത്യേകമായും തങ്ങളുടെ രാജ്യത്തിനുവേണ്ടിയും പാകിസ്താനി അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ഫിത്ന ഉണ്ടാക്കുന്നതും അത് പരത്തുന്നതുമായ എല്ലാ നേതാക്കന്മാരുടെ കൈകളിൽനിന്ന് രാജ്യത്തെ രക്ഷിക്കുമാറാകട്ടെ. അതുപോലെ ബുർക്കിനോഫാസോയിലെ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ എല്ലാ ശർറിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. ബംഗ്ലാദേശിലെ അഹ്മദികളേയും പ്രത്യേകമായും ദുആകളിൽ ഓർക്കുക. അവിടെയും എല്ലാ ജുമുഅക്കും എന്തെങ്കിലുമൊക്കെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അഹ്മദിയ്യാ ലോകത്തിനു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാ ശർറിൽനിന്നും എല്ലാ അഹ്മദികളെയും സംരക്ഷിക്കുമാറാകട്ടെ. എല്ലാ അഹ്മദികൾക്കും സ്ഥൈര്യം നൽകുമാറാകട്ടെ. അവരുടെ ഈമാനും യഖീനും വർധിപ്പിക്കുമാറാകട്ടെ

ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനു വേണ്ടിയും ദുആ ചെയ്യുക. ഇന്നത്തെ അവസ്ഥയിൽ ലോകം തീച്ചൂളയുടെ വക്കിലാകുന്നു. ബാഹ്യമായി യുദ്ധങ്ങളിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെയും നാശങ്ങൾ വരുന്നതാണ്. ധാർമിക മൂല്യച്യുതിയും പാരമ്യത്തിലെ ത്തിയിരിക്കുന്നു. അവർ അല്ലാഹുവിനെ ഒഴിവാക്കിക്കൊണ്ടിരിക്കുന്നു. ഇവർ അല്ലാഹുവിന്റെ കോപത്തെ വർധിപ്പിക്കുമാറാകാതിരിക്കട്ടെ. അങ്ങനെ അല്ലാഹുവിന്റെ അദാബുകൾ ഇറങ്ങാതിരിക്കട്ടെ. അല്ലാഹു അഹ്മദികളെ എല്ലാ ശർറിൽ നിന്നും രക്ഷിക്കുമാറാകട്ടെ. അഹ്മദികൾക്ക് തങ്ങളുടെ കടമകളും കർത്തവ്യങ്ങളും പൂർത്തിയാക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ. എല്ലാ ആപത്തുകളിൽനിന്നും രക്ഷിച്ചുകൊണ്ട് തന്റെ സംരക്ഷണവും അഭയവും നൽകുമാറാകട്ടെ.

ഞാൻ ഒരു വിളംബരംകൂടി നടത്താനുദ്ദേശിക്കുന്നു. അൽഫള്‌ൽ ഇന്റർനാഷണൽ ആഴ്ചതോറും എന്നല്ല ആഴ്ചയിൽ രണ്ടു തവണ ഇറങ്ങിയിട്ടുണ്ടായിരുന്നു. ഇന്നലെ മാർച്ച് 23 മുതൽ അത് അൽഫള്‌ൽ ദിനപത്രമായി മാറിയിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ കൂടുതൽ ഉർദു എഴുത്തും വായനയും അറിയുന്നവർ അത് വാങ്ങുകയും വരിക്കാരാകുകയും ചെയ്യേണ്ടതാണ്. അല്ലാഹു ഇതിൽനിന്ന് അനുഗ്രഹങ്ങളെടുക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അൽഫള്‌ലിൽ എഴുതുന്നവർക്കും ഉന്നത തലത്തിലുള്ള ലേഖനങ്ങൾ എഴുതാൻ തൗഫീഖ് നൽകുമാറാകട്ടെ.

പെരുന്നാളിന്റെ സന്തോഷഭരിതമായ ഈ അവസരത്തിൽ ലോകത്തെ സർവമാന അഹ്മദികൾക്കും ഈദാശംസകൾ

(പേജ് 1ൽനിന്ന്)

ത്തിലിട്ടത്? അതിൽനിന്ന് പുറത്തുവരിക. ഇപ്രകാരം മനുഷ്യൻ അല്ലാഹുവിനുവേണ്ടി തന്നെ പ്രയാസത്തിൽ അകപ്പെടുത്തുമ്പോൾ അവൻ സ്വയമേവ മാതാപിതാക്കളെ പോലെ കരുണ ചെയ്തു കൊണ്ടു 'നീ എന്തിനാണ് പ്രയാസത്തിൽ കിടക്കുന്നതെന്ന് ചോദിക്കുന്നു.'

ഇക്കൂട്ടരാണ് ആചാരോപചാരങ്ങൾകൊണ്ട് തങ്ങളെത്തന്നെ പ്രയാസങ്ങളിൽനിന്ന് തടയപ്പെട്ടവരായി വെക്കുന്നത്. അതുകൊണ്ട് അല്ലാഹു അവരെ രണ്ടാമത്തെ പ്രയാസങ്ങളിൽ ഇടുന്നു. പുറത്തെടുക്കുകയുമില്ല. രണ്ടാമത്തേത് ആരാണോ സ്വയമേവ പ്രയാസങ്ങളിൽ വീഴുന്നത് അവരെ അവൻതന്നെ പുറത്തെടുക്കുന്നു. തന്റെ ആത്മാവിന്റെ മേൽ അനുകമ്പ കാണിക്കാതിരിക്കേണ്ടത് മനുഷ്യന് നിർബന്ധമാണ്. പ്രത്യുത അല്ലാഹു നേരിട്ട് അവന്റെ ആത്മാവിനുമേൽ അനുകമ്പ കാണിക്കണം. കാരണം തന്റെ ആത്മാവിനുമേലുള്ള മനുഷ്യന്റെ അനുകമ്പ അവന് നരകമാണ്. അല്ലാഹുവിന്റെ അനുകമ്പ സ്വർഗമാണ്.

ഇബ്റാഹീം(അ)ന്റെ വൃത്താന്തത്തിൽ ചിന്തിക്കുക. ആരാണോ തീയിൽ വീഴാനാഗ്രഹിക്കുന്നത് അവനെ അല്ലാഹു തീയിൽനിന്ന് രക്ഷിക്കുന്നു. ആരാണോ സ്വയം തീയിൽനിന്ന് രക്ഷപ്പെടാനാഗ്രഹിക്കുന്നത് അവൻ തീയിൽ ഇടപ്പെടുന്നു. ഇത് ശാന്തിയാണ്. ഇത് ഇസ്‌ലാമാണ്. അല്ലാഹുവിന്റെ മാർഗത്തിൽ എന്തൊന്ന് അഭിമുഖീകരിക്കേണ്ടിവന്നാലും അതിനെ നിഷേധിക്കരുത്. നബി(സ)തിരുമേനി തന്റെ എല്ലാ പാപങ്ങളിൽനിന്നും സ്വയം തന്നെ രക്ഷിക്കുമെന്ന് ചിന്തിച്ചിരുന്നെങ്കിൽ വല്ലാഹു യഅ്സിമുക്ക മിനന്നാസി എന്ന ആയത്ത് ഇറങ്ങുമായിരുന്നില്ല. ദൈവിക സുരക്ഷിതത്വത്തിന്റെ രഹസ്യമിതാണ്."(മൽഫൂദാത്ത് വാള്യം 2, പേജ് 564, പ്രസാധനം ഖാദിയാൻ 2003)

# ഈദ് ഖുത്ബ

പ്രൗഢഗംഭീരമായ ഈദ് ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഉപദേശങ്ങൾ ഉദ്ധരിച്ച്
യഥാർഥവും ഏറ്റവും വലുതുമായ ഈദിനെ സംബന്ധിച്ചുള്ള അതിസൂക്ഷ്മമായ വിവരണം

ഈ യഥാർഥ ഈദ് കരസ്ഥമാക്കുന്നതിന് കർമപരമായ പരിഷ്കരണത്തിലേക്ക് ശ്രദ്ധ ചെലുത്തി
പ്രബോധന രംഗത്ത് കൂടുതൽ സജീവമാകാൻ അഹ്മദികളോടു ആഹ്വാനം.

ദൈവമാർഗത്തിൽ തടവനുഭവിക്കുന്നവർക്കും അഹ്മദി ശുഹദാക്കളുടെ ബന്ധുമിത്രാദികൾക്കും, ജീവിതം വഖ്ഫ് ചെയ്ത് സേവനം ചെയ്യുന്നവർക്കും മുബല്ലിഗുമാർക്കും സകലമാന അഹ്മദികൾക്കും അതുപോലെ മുസ്‌ലിം ഉമ്മത്തിനുംവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം

**ഈദുൽ ഫിത്‌ർ ഖുത്ബ 2019 ജൂൺ 5/1398 ഇഹ്സാൻ 5**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(യു.കെ)**

**ഈദ് ഖുത്ബ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഇന്നേക്കു ഏകദേശം നൂറുവർഷം മുമ്പേ ഒരു ഈദ് ഖുത്ബ കൊടുത്തിരുന്നു. ആ വിഷയം ഇന്നും വളരെ പ്രസക്തമാണ്. അതുകൊണ്ട് ആ ഖുത്ബയെ പ്രയോജനപ്പെടുത്തി ഇന്ന് പെരുന്നാളിനെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ പറയുന്നതായിരിക്കും.

സന്തോഷം ലഭിക്കണമെന്നത് മനുഷ്യന്റെ ആഗ്രഹമാണ്; വീണ്ടും വീണ്ടും അത് ലഭിക്കണം. ഈദ് എന്ന പദത്തിന്റെ അർഥംതന്നെ വീണ്ടും വീണ്ടും വരുന്നതെന്നാണ്. ഇമാം റാഗിബ് എഴുതിയിരിക്കുന്നു: 'വീണ്ടും വീണ്ടും മടങ്ങിവരുന്നതാണ് അൽഈദ്.' വീണ്ടും എഴുതുന്നു: 'ശരീഅത്തിന്റെ സാങ്കേതികാർഥത്തിൽ ഈ പദം യൗമുൽ ഫിത്‌റിനും യൗമുൽ അള്ഹായ്ക്കും പറയുന്നു. കാരണം ശറഇയായ നിലയിൽ ഈ ദിവസം സന്തോഷത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. സന്തോഷത്തിന് അത് വീണ്ടും വീണ്ടും വരേണ്ടതാണ്.' (മുഫ്റദാത്ത് ഇമാം റാഗിബ് 'ഇവദ്' എന്ന പദം)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈദ് എന്താണെന്നും സന്തോഷമെന്താണെന്നും വിവരിക്കുന്നു: 'ഇതിൽ നമ്മൾ ചിന്തിക്കുകയാണെങ്കിൽ സന്തോഷം യഥാർഥത്തിൽ സംഘടിക്കുന്നതിന്റെ പേരാണെന്ന് മനസ്സിലാകുന്നു. ഒത്തുചേരലിന്റെ പേരാണ്. ഒരുമിച്ചുകൂടുന്നതിന്റെ പേരാണ്. ലോകത്ത് എത്രത്തോളം സന്തോഷമുണ്ടോ അവ സംഘടിക്കുന്നതിൽനിന്നാണുണ്ടാകുന്നത്. സാധാരണ സാമൂഹിക ജീവിതത്തിലും, ഒരു മനുഷ്യന് ആളുകൾ കൂടുന്നനേരത്ത് സന്തോഷം കിട്ടിക്കൊണ്ടിരിക്കുന്നത് നമ്മൾ കണ്ടുവരുന്നു; അതിനുവേണ്ടി അവൻ വലിയ തയ്യാറെടുപ്പുകൾ നടത്തുന്നു; ആളുകളെ ഒരുമിച്ചുകൂട്ടുന്നു. അവന്റെ വിവാഹം നടക്കുമ്പോൾ ആ നേരത്ത് സന്തോഷിക്കുന്നു. കുട്ടികൾ ജനിക്കുന്ന നേരത്ത് സന്തോഷിക്കുന്നു. കാരണം വിവാഹത്തിനുശേഷം ഒരു പുതിയ ആത്മാവ് വന്നു അവനോടൊപ്പം ചേരുകയാണ്. ഒരു സംഘത്തിൽ വർധനയുണ്ടാകുകയാണ്. ലോകത്ത് എത്രത്തോളം സമ്മേളനങ്ങൾ നടക്കുന്നുണ്ടോ അവ സന്തോഷത്തിന് നിമിത്തമാകുന്നു. ലോകത്ത് പൊതുവെ സന്തോഷം പ്രകടിപ്പിക്കുന്നതിനുള്ള വേദി, ധാരാളമാളുകൾ ഒരു പ്രത്യേക പരിപാടിയ്ക്കുവേണ്ടി, സന്തോഷപ്രകടനത്തിനുവേണ്ടി സംഘടിക്കുക എന്നതാണ്. മേളകൾ തുടങ്ങിയവയിൽ സംഘടിക്കുന്നവരും അതിൽ പോകുന്നത് സന്തോഷിക്കുന്നതിനാണ്. ഒരാൾ ഒളിച്ചു നടക്കുകയും, ആരോടുമൊപ്പം ഇരിക്കാതിരിക്കുകയും, വനങ്ങളിൽ പോകുകയും ചെയ്യുന്നു. താങ്കൾ എന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ചോദിച്ചാൽ താൻ സന്തോഷിക്കുകയാണെന്ന് അയാൾ പറയുകയില്ല. ഇന്ന് തനിക്ക് ഈദാണെന്നും പറയുകയില്ല. ഒരു രാജ്യത്തും ഒരു പ്രദേശത്തും ഒരു ജനതയിലും, പരസ്പരം ഒളിച്ചിരുന്ന് സന്തോഷവും ഈദും കൊണ്ടാടുന്നത് കാണുകയില്ല. മറിച്ച് എല്ലാവരും ഒരുമിച്ചുകൂടുമ്പോഴാണ് എല്ലാ ഓരോ ജനതയിലും പെരുന്നാളാകുന്നത്; സന്തോഷം കൊണ്ടാടുന്നത്. എന്നാൽ, തങ്ങളുടെ ദുഃഖവും സങ്കടവും അധികമാക്കാനാഗ്രഹിക്കുന്നവരുടെ വഴി മറ്റുള്ളവരിൽനിന്ന് വേറിട്ടിരിക്കാൻ ശ്രമിക്കുക എന്നതാണ്. ഡിപ്രഷനുള്ള രോഗികളിലും നമ്മൾ കണ്ടിട്ടുള്ളത് ഈ അവസ്ഥയാണ്. തങ്ങളുടെ ദുഃഖം തെറ്റാക്കിത്തീർക്കാനും ആ ദുഃഖം മായിച്ചുകളയാനും ആഗ്രഹിക്കുന്നവർ മജ്‌ലിസുകളിലും ഇരിക്കും. ജനങ്ങളുമായി ഇടപഴകുകയും ചെയ്യും. വേറിട്ടിരിക്കുന്ന രോഗിയോടു പൊതുവെ ഡോക്ടർ പറയുന്നതും ജനങ്ങളിൽ ഇരിക്കുക എന്നതായിരിക്കും. പുറത്തിറങ്ങുക. സോഷ്യലൈസ് ചെയ്യുക. അതിനാൽ ദുഃഖത്തെ ഇഷ്ടപ്പെടുന്നവർ എല്ലാവരിൽനിന്നും അകന്നിരിക്കുന്നു. വീട്ടിൽ ഇരുന്നാലും അവർ വേറെയാണ്. പുറത്തിറങ്ങിയാലും ഏതെങ്കിലും ഒരു മുക്കിലോ മൂലയിലോ പോയിരിക്കുന്നു. ചുരുക്കത്തിൽ അത്തരക്കാർ വേറിട്ട് നില്ക്കാനാണ് ഇഷ്ടപ്പെടുന്നത്. അവരുടെ വീട്ടിൽ ആരെങ്കിലും മരിച്ചാലും ആളുകൾ ദുഃഖത്തിൽ പങ്കെടുക്കാൻ വന്നാലും, അധികം ദുഃഖമുണ്ടാകുന്നവൻ, സങ്കടമുണ്ടാകുന്നവൻ പറയുന്നത് എന്നെ ഒഴിഞ്ഞിരിക്കാൻ അനുവദിക്കുക എന്നായിരിക്കും. എന്റെ അടുത്തുനിന്ന് പോകുക. വേറിട്ടിരിക്കുമ്പോൾ അവന് ദുഃഖം പ്രകടിപ്പിക്കാനുള്ള നല്ല അവസരം ലഭിക്കുന്നു. മനസ്സിനേറ്റ ആഘാതം സുഗമമായി പുറത്തുപോകും. നോർമലായ മനുഷ്യരിലും ധാരാളം സ്വഭാവങ്ങളുണ്ട്. അവർക്ക് ആളുകളുടെ മുമ്പിൽ തങ്ങളുടെ ദുഃഖം പ്രകടിപ്പിക്കാൻ സാധിക്കുകയില്ല. വേറിട്ടിരുന്ന് തങ്ങളുടെ ദുഃഖം അകറ്റാനാഗ്രഹിക്കുന്നു; അല്ലെങ്കിൽ ഏറ്റവും അടുത്തവന്റെ കൂടെയിരുന്ന്; കൂടുതൽ ആളുകൾ ഒത്തുചേരുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. ആരുടെയെങ്കിലും വീട്ടിൽ പുത്രൻ ജനിക്കുകയും ആളുകൾ അയാളുടെ വീട്ടിൽ പോകുകയും വീട്ടുകാരൻ അവരോടു മാറുക, എന്നെ തനിച്ചുവിടുക എന്നു പറയുകയും ചെയ്യുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകുകയില്ല; നിങ്ങളെല്ലാവരും വന്നതുകൊണ്ട് എന്റെ മനസ് പരിഭ്രമിക്കുന്നു എന്നു പറയുകയില്ല. പ്രത്യുത അവൻ ആളുകളെ വിളിച്ചുവിളിച്ചു വീട്ടിൽ കയറ്റുകയായിരിക്കും ചെയ്യുക. എത്ര കൂടുതൽ ആളുകൾ വരുമോ അത്രയധികം അയാൾ സന്തോഷിക്കും. അയാൾ എല്ലാവരോടും സന്തോഷത്തോടെ പെരുമാറുന്നതായിരിക്കും.

ഇപ്രകാരം വിവാഹത്തിന് താൻ ക്ഷണിച്ചവരിൽ എത്രയധികം ആളുകൾ വന്നാലും അയാൾക്ക് സന്തോഷമായിരിക്കും. അതിനാൽ ദുഃഖം പ്രകടിപ്പിക്കുന്നതിന് വേറിട്ടിരിക്കാനാണ് ഇഷ്ടപ്പെടുക; സന്തോഷം പ്രകടിപ്പിക്കാൻ സംഘടിക്കുന്നതിനും. ഇക്കാര്യം അല്ലാഹു മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്നു. സന്തോഷമുണ്ടാകുമ്പോൾ അവൻ മറ്റുള്ളവരെ കാണുകയും കൂടിച്ചേർന്ന് സന്തോഷം കരസ്ഥമാക്കുകയും ചെയ്യുന്നു. ലോകത്ത് ചില ആവശ്യങ്ങൾക്കുവേണ്ടിയും ഈയിടെയായി സമ്മേളനങ്ങളും ജാഥകളും നടക്കാറുണ്ട്. അതും നമ്മുടെ ദുഃഖങ്ങളിൽനിന്ന് മോചനമുണ്ടാകാനാണ്. പ്രതിഷേധിക്കുന്നത് നമുക്ക് സന്തോഷം ലഭിക്കാനാണ്. അതിനാൽ അവരുടെ ഉദ്ദേശ്യവും ഭൂരിഭാഗം ഇതുതന്നെയാണ്. അതിനാൽ സന്തോഷവും സമ്മേളനവും രണ്ടും പരസ്പരം പൂരകങ്ങളാണ്. ഇസ്‌ലാം പ്രകൃതി മതമാണ്. അതുകൊണ്ട് അത് പെരുന്നാളിന്റെ അവസരത്തിൽ സന്തോഷത്തിന്റെ അവസരമുണ്ടാക്കി. മുസ്‌ലിമീങ്ങൾ സംഘടിക്കാൻ പറഞ്ഞു. ഒരു സ്ഥലത്തെ അടുത്തുള്ള ആളുകൾ മാത്രമല്ല, പ്രത്യുത എല്ലാ പ്രദേശത്തേയും ആളുകൾ പെരുന്നാളിന്റെ അവസരത്തിൽ ഈദുഗാഹിൽ സമ്മേളിക്കണം. അങ്ങനെ ഈദിന്റെ സന്തോഷം കൊണ്ടാടുക. ഈ വീക്ഷണത്തിലൂടെ നമ്മൾ നോക്കുകയാണെങ്കിൽ സന്തോഷം യഥാർഥത്തിൽ സമ്മേളനത്തിന്റെ പേരാണെന്ന് നമുക്ക് കാണാം. ഇതിന്റെ അടിസ്ഥാനത്തിൽ ഈദ് സംഘടിക്കുന്നതിന്റെ പേരാണ്. ഏറ്റവും വലിയ സമ്മേളനമുണ്ടാകുന്നതായിരിക്കും ഏറ്റവും വലിയ ഈദ്. ഏറ്റവും വലിയ ഈദിന്റെ അവസരം ഉണ്ടായ, ആ ഏറ്റവും വലിയ സമ്മേളനത്തിന് അടിത്തറവീണതെപ്പോഴാണ്? അതു വീണത് അല്ലാഹുവിന്റെ ഒരു പ്രിയപ്പെട്ട മനുഷ്യൻ മുഴുലോകത്തേയും വിളിച്ചുകൊണ്ട്, *ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ* എന്ന് പറഞ്ഞപ്പോഴാണ്; മനുഷ്യരേ! തീർച്ചയായും ഞാൻ നിങ്ങളിൽ അല്ലാഹുവിന്റെ ദൂതനാകുന്നു.

ലോകം ചെറിയ ചെറിയ ധാരാളം പെരുന്നാളുകൾ കണ്ടിട്ടുണ്ട്. ഹദ്റത്ത് മൂസാ(അ)യുടെ കാലത്തും ഈദ് ഉണ്ടായിരുന്നു. ഹദ്റത്ത് ദാവൂദ്(റ)ന്റെ കാലത്തും ഈദുണ്ടായിരുന്നു. ഹദ്റത്ത് മസീഹിന്റേയും എല്ലാ നബിമാരുടേയും കാലത്തും ഈദുകളുണ്ടായിരുന്നു. പ

ക്ഷേ, ആ ഈദുകൾ ഉണ്ടായതെല്ലാം ആ നബി ജനിച്ച പ്രദേശങ്ങളിൽ മാത്രമായിരുന്നു; അല്ലെങ്കിൽ ഏതു ജനതയിലാണോ നിയോഗിക്കപ്പെട്ടത് അവരിൽ മാത്രമായിരുന്നു. അതുകൊണ്ട് ഇതെല്ലാം ചെറിയ ചെറിയ പെരുന്നാളുകളായിരുന്നു. എന്നാൽ, ഹദ്റത്ത് ആദം(അ) മുതൽ ലോകത്ത് ഒരു വലിയ പെരുന്നാൾ ഉണ്ടായിട്ടുണ്ടെങ്കിൽ, അത് അല്ലാഹു തന്റെ ഏറ്റവും പ്രിയപ്പെട്ടവനോട് താങ്കൾ സ്വന്തം നിലയിൽ മുഴുവൻ ലോകത്തേയും ഒരിടത്തു ഒരുമിച്ചു കൂട്ടുക എന്നു പറഞ്ഞപ്പോഴായിരുന്നു. ഇതായിരുന്നു ഏറ്റവും വലിയ പെരുന്നാൾ. അതിൽ അല്ലാഹു തന്റെ പ്രത്യേക വചനം മുഖേന മുഴുലോകത്തേയും ഒരിടത്തു ഒരുമിച്ചുകൂട്ടാൻ കല്പന നല്കി. അദ്ദേഹത്തിന്റെ കൈയിൽ സംഘടിക്കാൻ മുഴുലോകത്തോടും തന്റെ പ്രിയപ്പെട്ടവൻ മുഖേന കല്പിച്ചു. അതിൽ ഇന്ന ജനതയെന്നോ, ഇന്ന രാജ്യക്കാരെന്നോ, ഇന്ന പ്രദേശക്കാരെന്നോ ഉള്ള നിബന്ധന ചെയ്യപ്പെട്ടില്ല. മിസ്‌റിയാവട്ടെ, ചീനിയാവട്ടെ, ഇറാനിയാവട്ടെ, അറബിയാവട്ടെ, യൂറോപ്യയനാവട്ടെ, അമേരിക്കനാവട്ടെ, ദ്വീപുവാസികളാവട്ടെ, ആരുമാകട്ടെ ആർക്കും സംഘടിക്കാവുന്നതാണ്. കാരണം, ഞാനെന്റെ രക്തം പന്നികളുടെ മുമ്പിൽ ഇടുകയില്ലെന്നോ, ഞാനെന്റെ റൊട്ടി പട്ടിയുടെ മുമ്പിലിടുകയില്ലെന്നോ ഇനി പറയപ്പെടുകയില്ല. ഹദ്റത്ത് ഈസാ(അ) വന്ന കാലത്തും പെരുന്നാൾ കൊണ്ടാടിയിരുന്നു. എന്നാൽ, ആ പെരുന്നാൾ അദ്ദേഹത്തിന്റെ ജനതയ്ക്കുവേണ്ടി മാത്രമായിരുന്നു. അവർ അന്യരെ ഭക്ഷിപ്പിക്കുകയാണെങ്കിൽ അവരുടെ ജനത മറ്റെന്തു ഭക്ഷിക്കാനാണ്; അവരുടെ പെരുന്നാൾ എങ്ങനെ നടക്കും. അതുകൊണ്ട് ഹദ്റത്ത് ഈസാ(അ) പറഞ്ഞു: 'ഞാൻ ഇസ്റായേലിന്റെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ അയക്കപ്പെട്ടിട്ടില്ല.' അതിനാൽ അദ്ദേഹത്തിന്റെ വരവ് വെറും ഇസ്റായേലിന് പെരുന്നാളായിരുന്നു. പക്ഷേ, നബി(സ) തിരുമേനിയെ അല്ലാഹു അയച്ചപ്പോൾ, ഒരിക്കലും കുറവ് വരാത്ത ഖജനാവുകളോടുകൂടിയാണ് അയച്ചത്. എത്ര ചെലവഴിച്ചാലും അത് തീരുകയില്ല. ഇക്കാരണത്താലാണ് 'നിങ്ങളോടു ആരു ചോദിച്ചാലും അവർക്ക് കൊടുക്കുക' എന്ന് ആ മഹാത്മാവിനോടു അല്ലാഹു പറഞ്ഞത്. എന്നല്ല, നിങ്ങൾക്കെന്തിന്റെ ആവശ്യമാണോ ഉള്ളത് അത് ഞാൻ തരാമെന്ന് ലോകത്തിനോടു വിളിച്ച് വിളിച്ച് പറയുക. അല്ലാഹു നബി(സ)തിരുമേനിയോടു പറഞ്ഞു, *വ അമ്മാ ബിനിഅ്മത്തി റബ്ബിക്ക ഫ ഹദ്ദിഥ്*. നീ ജനങ്ങളുടെ മുമ്പിൽ അല്ലാഹുവിന്റെ നിഅ്മത്തുകളെ കുറിച്ച് പറയുക; അവർ അതിൽനിന്ന് ഫലമെടുക്കട്ടെ. ഒരു സ്ത്രീ ഭക്ഷണം ചോദിച്ചപ്പോൾ 'കുട്ടികൾക്കുള്ള ഭക്ഷണമെടുത്ത് നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് ശരിയല്ല' എന്നാണ് ഹദ്റത്ത് ഈസാ(അ) പറഞ്ഞത്. എന്നാൽ, നബി(സ)തിരുമേനിയോടു അല്ലാഹു പറയുന്നു. നിന്നോടു ചോദിക്കുന്നവർക്ക് തീർച്ചയായും കൊടുക്കുക എന്നതാണ് നിന്റെ ജോലി. അല്ലാഹു പറഞ്ഞു: *വ അമ്മസ്സാഇല ഫലാ തൻഹർ* (93:11) യാചകരെ വിരട്ടരുത്. അവന് നിർബന്ധമായും കൊടുക്കുക. എന്നല്ല *വ അമ്മാ ബിനിഅ്മത്തി റബ്ബിക്ക ഫ ഹദിഥ്* എന്ന് ആദ്യം പറഞ്ഞതുപോലെ ആളുകളെ വിളിച്ച് വിളിച്ച് നിഅ്മത്തുകൾ കൊടുക്കുക. 'അല്ലാഹു എനിക്ക് നിഅ്മത്തുകൾ നല്കിയിരിക്കുന്നു. നിങ്ങൾ വരിക, നിങ്ങളും അതിൽനിന്ന് വിഹിതമെടുക്കുക' എന്ന് പ്രഖ്യാപിക്കുക.

അതിനാൽ നബി(സ)തിരുമേനിക്ക് മറ്റുള്ള നബിമാരുടെ മേലുള്ള ശ്രേഷ്ഠതകളാണിത്. ആദ്യം വന്ന നബിമാരുടെയടുക്കൽ അന്യജനതയിൽ പെട്ട യാചകൻ വന്നാൽ, ഞങ്ങളുടെ പക്കലുള്ളത് ഞങ്ങളുടെ ആളുകൾക്കുള്ളതാണ് എന്നു പറയുമായിരുന്നു; നിങ്ങൾക്ക് ഒന്നും തരാൻ പറ്റില്ല. പക്ഷേ, നബി(സ)തിരുമേനിയ്ക്ക് നല്കപ്പെട്ട ഖജനാവിനെ കുറിച്ച് പറഞ്ഞത് ഇത്രമാത്രം; വിരട്ടി ഓടിക്കരുത് പ്രത്യുത ആവശ്യക്കാരുടെ വീടുകളിൽ കൊണ്ടുപോയി കൊടുക്കുക.' നബി(സ)തിരുമേനി ആത്മീയമായ ഖജനാവും വീടുകൾതോറും വിതരണം ചെയ്തു. ഭൗതികമായ ഖജനാവും വീടുകൾതോറും വിതരണം ചെയ്തു. എന്നല്ല ഖിയാമത്തുന്നാൾവരെ ഈ വിതരണത്തിന് ആത്മീയമായ ഖജനാവുകളും വിട്ടുംവെച്ചുപോയി. അതിനാൽ അദ്ദേഹത്തിന്റെ ആഗമനം ഏറ്റവും വലിയ പെരുന്നാൾ ദിവസമായിരുന്നു.

നബി(സ)തിരുമേനി മുഖേന സന്മാർഗം സമ്പൂർത്തീകരിക്കപ്പെട്ടു. ശരീഅത്ത് പൂർണമായി അവിടന്ന് ഖാത്തമുന്നബിയ്യീന്റെ ഉന്നതസ്ഥാനത്തോടുകൂടി ലോകത്ത് അയക്കപ്പെട്ടു.

നബി(സ)തിരുമേനിയുടെ കീഴാളത്വത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചുകൊണ്ട് പ്രബോധന സമ്പൂർത്തീകരണവും ദീനിന്റെ പ്രചാരണവും തന്റെ ചുമതലയിലെടുത്ത ദിവസമായിരുന്നു മറ്റൊരു പെരുന്നാൾദിനം. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ട് തന്റെ ഉത്തരവാദിത്വമായി അതേറ്റെടുത്തു. അങ്ങനെ ലിയുള്ഹിറഹു അലദ്ദീനി കുല്ലിഹി ഉണ്ടാകേണ്ടതായി വിധിക്കപ്പെട്ട ആ ദിവസം വന്നു. (9:33) തീർച്ചയായും ഇസ്‌ലാമിക ശരീഅത്തിന്റെ സമ്പൂർത്തീകരണം നബി(സ)തിരുമേനി മുഖേന നടന്നു. നബി(സ) തിരുമേനി വന്നതോടെ, ഇപ്പോൾ വിപുലമായ ഖജനാവുകളോടുകൂടി ഒരു നബി നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് ലോകത്തോടു പറയപ്പെട്ടു; നിങ്ങൾ അദ്ദേഹത്തിന്റെ അടുത്തുവരികയും എന്തൊന്ന് ആഗ്രഹിക്കുന്നുവോ എടുത്തുകൊള്ളുകയും ചെയ്യുക"എന്നും പറയപ്പെട്ടു." (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 1, പേജ് 27–30, ഈദ് ഖുത്ബ, 1916 ആഗസ്ത് 2)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: "വിശുദ്ധ ഖുർആന്റെ അധ്യാപനം മുഖേന ലോകം മുഴുവനുമുള്ള വിവിധ പ്രകൃതക്കാരായ ജനതകളെ ഒരൊറ്റ ജനതയെപപോലെയാക്കിത്തീർക്കുന്നതിനുവേണ്ടി അല്ലാഹു നമ്മുടെ നബി(സ)തിരുമേനി സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ ലോകത്ത് അയച്ചു. അവൻ 'വാഹിദ് ലാ ശരീക്ക്' ആണെന്നപോലെ അവരിലും ഒരു ഏകത്വമുണ്ടാക്കാൻ! അവരെല്ലാവരും ചേർന്ന് ഒരൊറ്റ അസ്തിത്വംപോലെ തങ്ങളെ അല്ലാഹുവിനെ സ്മരിക്കാൻ! അവന്റെ ഏകത്വത്തിന് സാക്ഷ്യം പറയാൻ! ലോകാരംഭം മുതൽ ഉണ്ടായിട്ടുള്ള ആദ്യത്തെ ജനതയുടെ ഏകത്വവും അവസാന ജനതകളുടെ ഏകത്വവും– അതിന്റെ അടിത്തറ അവസാനകാലത്ത് ഇടപെട്ടതാണ്. അതായത് അല്ലാഹു നബി(സ)തിരുമേനിയെ നിയോഗിച്ച നേരത്ത് തീരുമാനിച്ച ഏകത്വം– ഈ രണ്ടുതരത്തിലുള്ള ഏകത്വങ്ങളും ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹു വിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലും ഇരട്ടി സാക്ഷ്യമുണ്ടാകുന്നതിനുവേണ്ടി. കാരണം അവൻ ഏകനാണ്. അതുകൊണ്ട് തന്റെ ഭൗതികവും ആത്മീയവുമായ സകല വ്യവസ്ഥിതിയിലും ഏകത്വത്തെ സുഹൃത്താക്കിവെക്കുന്നു." കാരണം നബി(സ) തിരുമേനിയുടെ നുബുവ്വത്തിന്റെ കാലഘട്ടം ഖിയാമത്തുന്നാൾവരെ വ്യാപിച്ചുനില്ക്കുന്നു." അക്കാലംവരെ തുടർന്നുകൊണ്ടിരിക്കുന്നു. അവിടന്ന് ഖാത്തമുൽ അമ്പിയാ ആണ്. അതുകൊണ്ട് ജനതയുടെ ഏകത്വം നബി(സ)തിരുമേനിയുടെ ജീവിതത്തിൽതന്നെ പൂർണത പ്രാപിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചില്ല. കാരണം ആ അവസ്ഥ അവിടത്തെ കാലത്തിന്റെ അവസാനത്തിലധിഷ്ഠിതമായിരുന്നു. അതായത് അവിടത്തെ കാലഘട്ടം അവിടെ അവസാനിച്ചിരിക്കുന്നു എന്ന സംശയമുണ്ടാകുമായിരുന്നു. അവിടത്തെ അവസാനത്തെ ജോലി അതേകാലത്ത് പാരമ്യതയിലെത്തി. അതുകൊണ്ട് അല്ലാഹു ആ കർമത്തിന്റെ പൂർത്തീകരണം–അത് മുഴുവൻ ജനതകളും ഒരൊറ്റ ജനതയെപോലെ ആകുകയും ഒരേയൊരു മതമായി തീരുകയും ചെയ്യുന്ന പൂർത്തീകരണമാണ്– മുഹമ്മദീ കാലഘട്ടത്തിന്റെ അവസാനഭാഗത്ത് ഇട്ടു; അത് ഖിയാമത്തിന്റെ അടുത്തകാലമാണ്. അതിന്റെ സമ്പൂർത്തീകരണത്തിന് ഇതേ ഉമ്മത്തിൽനിന്ന് ഒരു സഹായിയെ നിശ്ചയിച്ചു. അദ്ദേഹം മസീഹ് മൗഊദ് എന്ന പേരിൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പേര് 'ഖാത്തമുൽ ഖുലഫാ' എന്നാണ്. അതുകൊണ്ടു തന്നെ മുഹമ്മദീ കാലഘട്ടത്തിന്റെ തലയ്ക്കൽ നബി(സ)തിരുമേനിയാണ്. അതിന്റെ അവസാനത്തിൽ മസീഹ് മൗഊദാണ്. അദ്ദേഹം ജനിക്കുന്നതുവരെ ലോകത്തിന്റെ ഈ പരമ്പര മുറിയാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതായത് മസീഹ് മൗഊദ് കാരണം ജനതകളുടെ ഏകത്വത്തിന്റെ സേവനം ഇതേ നാഇബുനുബുവ്വത്തിന്റെ കാലവുമായി ബന്ധപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിലേക്കാണ് ഈ ആയത്ത് സൂചന നല്കുന്നത്. *ഹുവല്ലദീ അർസല റസൂലുഹു ബിൽഹുദാ വ ദീനിൽ ഹഖ്ഖി ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹി*(61:10). അതായത് തന്റെ ദൂതനെ നേർമാഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ; അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി. അതായത് ഒരു ആഗോള വിജയം അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെടണം. കാരണം ആ ആഗോളവിജയം നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ വെളിപ്പെട്ടിരുന്നില്ല. അല്ലാഹുവിന്റെ പ്രവചനത്തിൽ വൈരുദ്ധ്യമുണ്ടാകാവതല്ല. ഏതെങ്കിലും തരത്തിലുള്ള ഭിന്നതയോ ബലഹീനതയോ ഉണ്ടാകാവതല്ല. അതുകൊണ്ട് ഈ ആയത്തിനെ സംബന്ധിച്ച്, ഈ ആഗോളവിജയം മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽ പ്രകടമാകുന്നതായിരിക്കും എന്നത് നമ്മുടെ മുമ്പേ കഴിഞ്ഞുകടന്നിട്ടുള്ള വിശ്വാസികളുടെ ഏകോപിച്ച അഭിപ്രായമാണ്." (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ, വാള്യം 23, പേജ് 90–91)

ഈ സന്ദേശവും ഈ ജോലിയും നബി(സ) തിരുമേനിയുടേതുതന്നെയാണ്. അതിനെ സമ്പൂർണതവരെ എത്തിക്കുന്നതിനുവേണ്ടി നബി(സ) തിരുമേനിയുടെ തന്നെ പ്രാർഥനകൊണ്ട്– അത് തീർച്ചയായും അർശിൽ ചെന്ന് മുട്ടിയിട്ടുണ്ടാകും– അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപത്തിൽ അദ്ദേഹത്തിന് ഒരു സത്യദാസനെ പ്രദാനം ചെയ്തു. ഈ സത്യവാനായ ദാസനും അല്ലാഹു അദ്ദേഹത്തിന്റെ യജമാനനെ പിന്തുടരുന്നതുകൊണ്ട് ഇങ്ങനെ വിളംബരം ചെയ്യാൻ പറഞ്ഞു: *ഖുൽ യാഹയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅ*(7:159) മൂസവി മസീഹ് യാചകരെ ആട്ടിയോടിച്ചിരുന്നു. പക്ഷേ, മുഹമ്മദി മസീഹിന് ആ ദാസത്വത്തിന്റെ കാരണത്താൽ വിശാലമായ സുപ്ര നല്കപ്പെട്ടു. അവിടെ ഇരിക്കുന്നതിൽനിന്ന് ആരേയും ആട്ടി ഓടിച്ചില്ല. പ്രത്യുത വിളിച്ചു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു, ഈ സുപ്രയിൽനിന്ന് ഭക്ഷിക്കുക എന്ന്. അതുകൊണ്ട് ഈ സുപ്രയിലിരുന്നുകൊണ്ട് നമ്മളോടൊപ്പം ചേരുന്ന ഓരോ പുതിയ ആത്മാവും നമുക്ക് സന്തോഷത്തിനും പെരുന്നാളിനും നിമിത്തമാണ്. ഇത് ശരീഅത്തിന്റെ കല്പനകളിൽ സംഘടിക്കുന്നതിന്റെ പെരുന്നാളാണ്. എല്ലാ ആളുകളും കർമപരമായ ജീവിതത്തിൽ ഒരു ദീനിൽ സംഘടിക്കുമ്പോൾ അതിന്റെ ഫലമായുണ്ടാകുന്ന പെരുന്നാൾ യഥാർഥ പെരുന്നാളും വലിയ പെരുന്നാളുമായിരിക്കും. ഇക്കാലഘട്ട

ത്തിൽ ആ ഈദു ആഘോഷിക്കാൻ അല്ലാഹു നമ്മെ ഏല്പിച്ചിരിക്കുകയാണ്. അതിനാൽ യഥാർഥ ഈദാഘോഷിക്കണമെങ്കിൽ നമ്മൾ നമ്മുടെ അവസ്ഥകളും പരിശോധിക്കേണ്ടി വരും; എങ്ങനെ നമുക്കത് നിറവേറ്റാൻ കഴിയുമെന്ന് ചിന്തിക്കേണ്ടിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനരൂപരേഖയനുസരിച്ച് കർമം ചെയ്ത് നമുക്ക് എത്രയും വേഗം ആ യഥാർഥ ഈദ് കൊണ്ടുവരാനുള്ള സാഹചര്യം ഒരുക്കാൻ കഴിയും. നമ്മെ അല്ലാഹു ഇക്കാലത്ത് ഏല്പിച്ചിട്ടുള്ള ആ ജോലി ശരിയായ രീതിയിൽ നിറവേറ്റാൻ കഴിയും. അവിടന്ന് പറഞ്ഞ ഉപദേശങ്ങളിൽ ചിലത് ഹ്രസ്വമായി വിവരിക്കുകയാണ്.

അല്ലാഹുവിനോടുള്ള സ്നേഹം ഒരു ഉദ്ദേശ്യസാഫല്യത്തിനും വേണ്ടിയല്ലാത്തവിധം ആകുമാറുള്ള പ്രകൃതി കരസ്ഥമാക്കുക. അല്ലാഹുവിനെ സ്നേഹിക്കുക എന്നത് നമ്മുടെ പ്രകൃതിയായി മാറണം; അതിന്റെ പിന്നിൽ ഒരു ഉദ്ദേശ്യവും ഉണ്ടാകരുത്. ഹൃദയവികാരത്തോടുകൂടി അവനെ സ്നേഹിക്കേണ്ടതാണ്. (മൽഫൂദാത്ത്, വാല്യം 9, പേജ് 96)

പിന്നീട് പറഞ്ഞു. 'വിശുദ്ധഖുർആൻ ധാരാളമായി പാരായണം ചെയ്യുക. നിങ്ങളുടെ കർമങ്ങൾ അനുസരിച്ച് അത് വാർത്തെടുത്ത് കർമപരമായ സത്യത മുഖേന ഇസ്‌ലാമിന്റെ സവിശേഷഗുണങ്ങൾ ലോകത്ത് പ്രകടിപ്പിക്കുക." (മൽഫൂദാത്ത്, വാല്യം 3, പേജ് 155)

അതുകൊണ്ട് വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടുമാത്രമെ തഖ്‌വ ഉണ്ടാകുകയുള്ളൂ. കർമപരമായ സൽഗുണങ്ങൾ ഉണ്ടാകുകയുള്ളൂ.

വീണ്ടും പറഞ്ഞു: 'അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിന് പരിശ്രമിക്കുക.' (മൽഫൂദാത്ത്, വാല്യം 1, പേജ് 265)

ഇത് രണ്ടും നിങ്ങളുടെ നിർബന്ധകാര്യങ്ങളിൽ പെട്ടതാണ്. പിന്നീട് അവിടന്ന് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'ജമാഅത്തിന് തൗഹീദിന്റെ ഏറ്റുപറച്ചിലിലും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിലും ദൈവസ്മരണയിലും തങ്ങളുടെ സഹോദരങ്ങളോടുള്ള കടമ നിറവേറ്റുന്നതിലും പ്രത്യേകമായ വർണം ഉണ്ടാകേണ്ടതാണ്." (മൽഫൂദാത്ത്, വാല്യം 2, പേജ് 95)

അവിടന്ന് പറയുന്നു: 'സത്യസന്ധമായ തൗബ ചെയ്യുക. അല്ലാഹുവിനെ സത്യസന്ധതയും കൂറും കൊണ്ട് തൃപ്തിപ്പെടുത്തുക.' (മൽഫൂദാത്ത്, വാല്യം 3, പേജ് 191)

അവിടന്ന് പറയുന്നു: 'നമസ്കാരങ്ങൾ പതിവായി അനുഷ്ഠിക്കുക.' (മൽഫൂദാത്ത്, വാല്യം 1, പേജ് 263)

"തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. നഫ്ലുകളിൽ ശ്രദ്ധിക്കുക." (മൽഫൂദാത്ത്, വാല്യം 3, പേജ് 245)

അവിടന്ന് പറയുന്നു: "നിങ്ങളുടെ മതപരമായ അറിവ് വർധിപ്പിക്കുക. (മൽഫൂദാത്ത്, വാല്യം 9, പേജ് 275)

അവിടന്ന് പറഞ്ഞു: 'തഖ്‌വയിൽ അഭിവൃദ്ധിപ്പെടുക.' (മൽഫൂദാത്ത്, വാല്യം 5, പേജ് 435)

അവിടന്ന് പറഞ്ഞു. "എപ്പോഴും ന്യായത്തിനോടൊപ്പം നില്ക്കുക." (മൽഫൂദാത്ത്, വാല്യം 3, പേജ് 115)

"സത്യസന്ധതയിൽ നിലകൊള്ളുക. ഒരിക്കലും നിങ്ങളിൽനിന്ന് കളവ് പുറപ്പെടരുത്." പിന്നീട് അവിടന്ന് പറയുന്നു: 'നിഷേധികൾക്കുവേണ്ടിയും ദുആ ചെയ്യുക.' മസീഹ് മൗഊദ്(അ)നെ നിഷേധിച്ചിട്ടുള്ളവർക്കു വേണ്ടിയും ദുആ ചെയ്യുക. (മൽഫൂദാത്ത്, വാല്യം 2, പേജ് 74)

പിന്നീട് അവിടന്ന് പറയുന്നു: 'പുതിയതായി വന്നുചേരുന്നവരോട് നല്ലരീതിയിൽ പെരുമാറുക. പുതിയതായി നിങ്ങിൽ വന്നുചേരുന്നവർ, പുതിയതായി വരുന്ന ആത്മാക്കൾ. അവർ ഈ ഇജ്തിമായിൽ വർധന ഉണ്ടാക്കിയിരിക്കുന്നു. അവരോട് നല്ലരീതിയിൽ പെരുമാറുക. സ്വന്തം കർമംകൊണ്ട് അവരുടെ തർബിയ്യത്തിന് ശ്രമിക്കുക. നല്ലനിലയിൽ പെരുമാറുകയും ചെയ്യുക. നിങ്ങളെക്കൊണ്ട് അവരുടെ ശിക്ഷണം ഉണ്ടായിക്കൊണ്ടിരിക്കുംവിധം നിങ്ങളുടെ മാതൃക കാണിക്കുക.' (മൽഫൂദാത്ത്, വാല്യം 3, പേജ് 349)

ഈ കുറച്ചുകാര്യങ്ങൾ ഞാൻ വിവരിച്ചു. അത് അവിടന്ന് വിവിധ നേരങ്ങളിൽ നമുക്ക് നല്കിയ ഉപദേശങ്ങളുടെ ചുരുക്കമാണ്. അതുകൊണ്ട് വളരെ ശ്രദ്ധയോടും അത്യധ്വാനത്തോടുംകൂടി, അവിടത്തോട് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റുകയും നമ്മളെ ഏല്പിച്ച ചുമതല നിർവഹിക്കുകയും ചെയ്യേണ്ടത് നമുക്ക് നിർബന്ധമാണ്. മുഴുലോകത്തിനുംവേണ്ടി ഒരു നബിയെ അയക്കുക എന്നത് അല്ലാഹുവിന്റെ ജോലിയായിരുന്നു. ലോകത്തിന് തികവുറ്റതും സമ്പൂർണവുമായ ശരീഅത്ത് അയക്കുക, അല്ലാഹുവിന്റെ ജോലിയായിരുന്നു. പിന്നീട് പ്രബോധനത്തിന്റെ സമ്പൂർത്തീകരണത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയക്കുക അല്ലാഹുവിന്റെ ജോലിയായിരുന്നു. എന്നാൽ, പെരുന്നാളാഘോഷം അല്ലാഹു നമ്മെ ഏല്പിച്ചു. അതുകൊണ്ട് ജമാഅത്തിലെ ആളുകൾ ശ്രദ്ധിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്; എങ്ങനെയാണ് നമ്മൾ ആ സമ്മേളനം സംഘടിപ്പിക്കേണ്ടത്; യഥാർഥ ഈദ് പ്രദർശിപ്പിക്കേണ്ടത്. കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ എല്ലാവരും ഒന്നിക്കുമ്പോഴാണ് യഥാർഥവും സത്യസന്ധവുമായ ഈദുണ്ടാകുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് ഈസാ(അ) ഒരു പ്രവചനം ചെയ്തിരുന്നു. ആകാശത്തിലുള്ള ഞങ്ങളുടെ പിതാവേ! നിന്റെ നാമത്തിന്റെ പരിശുദ്ധി ഉണ്ടാവട്ടെ. നിന്റെ രാജത്വം വരുമാറാകട്ടെ. ആകാശത്തിൽ നിന്റെ ഇഷ്ടമുള്ളതുപോലെ ഭൂമിയിലും വരുമാറാകട്ടെ. അത് സ്ഥാപിതമാകട്ടെ. ഇതിൽനിന്ന് ഭൂമിയിൽ ദൈവത്തിന്റെ ഭരണം ഇല്ലെന്ന് മനസ്സിലാക്കപ്പെട്ടു. വാസ്തവത്തിൽ ആകാശത്തിൽ ദൈവത്തിന്റെ ഭരണമുള്ളതുപോലെ ഭൂമിയിലുമുണ്ടെന്ന് ബൈബിളിൽ എഴുതിയിട്ടുണ്ട്. രണ്ട് ഉദ്ധരണികളും മത്തായിയുടേതാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹിന്റെ പക്കൽ ദൈവത്തിന്റെ ഭരണം ഭൂമിയിലില്ലായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞതെന്ന് പറയാൻ സാധിക്കുകയില്ല. പ്രത്യുത മസീഹ് ചെയ്ത ഒരു ദുആയായിരുന്നു ഇത്. അത് നബി(സ)തിരുമേനിയുടെ നിയോഗത്തെ സംബന്ധിച്ചായിരുന്നു. എപ്രകാരം അല്ലാഹു ഏകനാണോ അതുപോലെ ലോകത്തെ മുഴുവൻ ഒരിടത്ത് സംഘടിപ്പിക്കുന്ന ഒരു നബിയും വരണം. ഇതിൽ ഇന്നത്തേക്കും സൂചനയുണ്ട്. എപ്രകാരം ആകാശത്ത്, ആകാശത്തിന്റെ എല്ലാ ഭാഗത്തും മലക്കുകൾ തസ്ബീഹും തഹ്മീദും ചെയ്തുകൊണ്ടിരിക്കുന്നുവോ അതുപോലെ ഭൂമിയിലെ ഓരോ കോണിലും അല്ലാഹുവിന് തഹ്മീദും തഖ്ദീസും വിവരിക്കുന്ന ആളുകൾ ഉണ്ടാകണം. അതുകൊണ്ട് ലോകത്തിന്റെ മുക്കിലും മൂലയിലും അത്തരക്കാരെ ഉണ്ടാക്കുക എന്നത് മസീഹ് മൗഊദിന്റെ ജമാഅത്തിന്റെ നിർബന്ധകടമയാണ്. പക്ഷേ, നാം നമ്മെ സ്വയം നോക്കുക. നമ്മൾ അല്ലാഹുവിനെ സ്മരിക്കുന്നവരും അവന്റെ പരിശുദ്ധി വാഴ്ത്തുന്നവരും നമ്മുടെ കർമങ്ങളെ ആ അധ്യാപനമനുസരിച്ച് വാർത്തെടുക്കുന്നവരുമാണോ? നമ്മൾ ആഘോഷിക്കുന്ന ഈ പെരുന്നാളുകൾക്കുവേണ്ടി വലിയ വലിയ തയ്യാറെടുപ്പുകൾ നമ്മൾ നടത്തുന്നു. കഴിവിനനുസരിച്ച് വസ്ത്രങ്ങൾ മുതൽ ഭക്ഷണപാനീയങ്ങളുടെ ഏർപ്പാടുകൾവരെ എല്ലാം ചെയ്യാൻ ശ്രമിക്കുന്നു. ഈ എല്ലാ ചെലവുകളും എന്തെങ്കിലും ഗുണത്തിനുവേണ്ടിയല്ല നമ്മൾ ചെയ്യുന്നത്. പ്രത്യുത ഒരു ഒത്തുചേരലിന്റെ സന്തോഷത്തിനുവേണ്ടിയാണ് ചെയ്യുന്നത്. അല്ലാഹു സന്തോഷിക്കാൻ പറഞ്ഞതുകൊണ്ട് തന്നെയാണ് അങ്ങനെ ചെയ്യുന്നത്. ഇതും അല്ലാഹുവിന്റെ കല്പനകളിൽ ഒരു കല്പനയാണ്. എന്തെങ്കിലും ഭൗതികമായ നേട്ടമൊന്നും നമുക്കുണ്ടാകുന്നില്ല. അതേ! ആത്മീയഫലം എത്തുന്നുണ്ട്. തീർച്ചയായും എത്തുന്നുണ്ട്. റമളാനുശേഷം പെരുന്നാളാഘോഷിക്കാനും ഇന്നത്തെ ദിവസം സന്തോഷിക്കാനും തിന്നാനും കുടിക്കാനും അല്ലാഹു പറഞ്ഞതുകൊണ്ട് നമ്മൾ സദുദ്ദേശ്യത്തോടെ ഈ പെരുന്നാൾ ആഘോഷിക്കുകയും ചെയ്യുന്നു. പക്ഷേ, ഇതിനെക്കാളുപരി സന്തോഷം കരസ്ഥമാക്കാനുള്ള ഏർപ്പാടിന്, അല്ലാഹു മുഴുവൻ ലോകത്തേയും ഒരു കൈയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി നബിയെ അയച്ചിരിക്കുമ്പോൾ അതിലേക്ക് നമ്മളിൽ ഓരോരുത്തരുടേയും ശ്രദ്ധ എത്രയാണോ ഉണ്ടാകേണ്ടത് അത്ര ഉണ്ടാകുന്നില്ല. ഈ റസൂലിന്റെ സന്ദേശത്തെ പ്രചരിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കേണ്ടത്ര നമ്മൾ ശ്രമിക്കുന്നില്ല. ഈ സമ്മേളനം വർധിപ്പിക്കുന്നതിൽ നമ്മൾ എത്രയാണോ പങ്കെടുക്കുന്നത്, എത്രയാണോ തയ്യാറെടുപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നത്, അപ്പോൾപിന്നെ ഈ സമ്മേളനത്തെ വർധിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുക. എന്തിനുവേണ്ടിയാണോ റസൂലിനെ അയച്ചത് അതിന്റെ പുണ്യവും അല്ലാഹു നമുക്ക് നല്കുന്നതാണ്. ഈ യഥാർഥ പെരുന്നാളിൽ അതിനേക്കാൾ കൂടുതൽ നല്കുന്നതായിരിക്കും; അത് പെരുന്നാളാഘോഷിക്കുന്നതുകൊണ്ടാണ് നല്കുന്നത്. അതായത് ഇവിടെ വെറും ചെലവാക്കുകയല്ല ചെയ്യുന്നത് മറിച്ച്, എല്ലാ തരത്തിലുള്ള ഗുണവും ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി മുമ്പേയുള്ളതിനേക്കാൾ കൂടുതൽ കിട്ടിക്കൊ

**• ഹദീഥുന്നബ്‌വി(സ): •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**
**(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• ഹദീഥുന്നബ്‌വി(സ): •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.'**
**(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 27 April 2023 Issue-17

**MANAGER**
**Sheik Mujahid**

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടൊപ്പം ചേർന്ന് ഈ വലിയ പെരുന്നാളിന്റെ ഭാഗഭാക്കാകാൻ കഴിഞ്ഞ നമ്മൾ ഭാഗ്യവാന്മാരാണ്. ഇസ്‌ലാമിന് സകല മതങ്ങളുടേയുംമേൽ വിജയമുണ്ടാകുന്ന കാലമാണ് മസീഹ് മൗഊദിന്റേത്. നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അവിടത്തെ ജമാഅത്തും മുഖേന വ്യാപിച്ച് മുഴുവൻ ലോകത്തേയും ഒരു സ്ഥലത്ത് സംഘടിപ്പിക്കുന്നതായിരിക്കും. ആ സമയത്തായിരിക്കും നമ്മുടെ യഥാർഥ പെരുന്നാൾ. ആ പെരുന്നാൾ വരാത്തിടത്തോളം മറ്റു പെരുന്നാളുകളിൽ മാത്രം സന്തോഷിച്ചിരിക്കാൻ പാടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുമെന്നുള്ള വാഗ്ദാനങ്ങളും അവിടന്ന് നമ്മളിൽനിന്ന് വാങ്ങിയിരിക്കുന്നു. അതിനുവേണ്ടി പ്രവർത്തിക്കേണ്ട ആവശ്യം നമുക്കുണ്ട്.

ഇന്ന് ലോകം അല്ലാഹു അക്ബറിന്റെ മുദ്രാവാക്യം കേൾക്കുമ്പോൾ ഭയക്കുന്നു. കാരണം ചില മുസ്‌ലിമീങ്ങളുടെ കർമ്മം അങ്ങനെയുള്ളതാണ്. അല്ലാഹു അക്ബറിന്റേയും അശ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു എന്നതിന്റേയും ശബ്ദം കേൾക്കുമ്പോൾ ലോകർ പരിഭ്രമിക്കുന്നു. പക്ഷേ, ഈ പ്രിയപ്പെട്ട വാക്കുകളുടെ യാഥാർഥ്യം നമ്മൾ എങ്ങനെയാണ് തുറന്നുകൊടുക്കേണ്ടതെന്നാൽ എല്ലാ ജനതയിലുംപെട്ടവർ അശ്ഹദു അൻല്ലാ ഇല്ലാഹ ഇല്ലല്ലാഹ് വ അശ്ഹദുഅന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു ചൊല്ലുന്നതുകൊണ്ട് അത് ആവർത്തിക്കുന്നതിൽ സൗഖ്യവും സന്തോഷവും അനുഭവിക്കണം. ലോകം നബി(സ) തിരുമേനിയെ ചീത്ത പറയുന്നതിനു പകരം അവിടത്തെമേൽ സ്വലാത്ത് ചൊല്ലുന്നതിൽ സന്തോഷിക്കുന്നവരാകണം. അല്ലാഹുവിനെ ചീത്തപറയുന്നതിനു പകരം അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം മുഴക്കുന്നവരാകണം.' (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 1, പേജ് 33, ഈദുഖുത്ബ, 1956, ആഗസ്ത് 2)

ഒരുപാട് നാളുകൾക്കുശേഷം തന്റെ സുഹൃത്തിനെ കണ്ടപ്പോൾ ബാസാറിൽ ഉറക്കെ അല്ലാഹു അക്ബർ പറഞ്ഞതിനായിരുന്നു കഴിഞ്ഞ ദിവസം ജർമനിയിൽ ഒരു മുസ്‌ലിമിനെ അറസ്റ്റു ചെയ്തത്. ഭീകരവാദിയായിരിക്കാം എന്നു കരുതി അറസ്റ്റു ചെയ്തു. ഈ ഭയം നീക്കുക എന്നതു മാത്രമല്ല നമ്മുടെ ജോലി. മറിച്ച്, ജർമനും ഇംഗ്ലീഷുകാരനും യൂറോപ്പിലെ മറ്റു രാജ്യങ്ങളിലെ ആളുകളും അമേരിക്കക്കാരനും ലോകത്തിന്റെ ഏതു ഭാഗത്തു താമസിക്കുന്നവരാണെങ്കിലും അല്ലാഹു അക്ബർ പറയുന്നതിൽ സന്തോഷിക്കുന്ന രീതിയുണ്ടാകണം. അപ്പോഴാണ് നമ്മുടെ യഥാർഥ പെരുന്നാളാകുന്നത്. ഇൻശാഅല്ലാഹ്. ഇത് ഒരു ദിവസമുണ്ടാകും. തീർച്ചയായുമുണ്ടാകും. ലോകത്തിലെ മുഴുവൻ ആളുകളും നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നവരാകും. ഇത് ഏതെങ്കിലും ഉമ്മത്തിന്റെ സ്വപ്നമല്ല. ഏതെങ്കിലും കുട്ടിയുടെ ചിന്തയുമല്ല. പ്രത്യുത അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ വ്യാഖ്യാനമാണ്. അത് ഒരു ദിവസം പൂർത്തിയാകും. ഇൻശാ അല്ലാഹ്. ഇത് അവന്റെ വാഗ്ദാനമാണ്. കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ (58:22). ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. അതിനാൽ ഇത് ദൈവവിധിയാണ്, അത് പൂർത്തിയാകണം. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മുദ്രാവാക്യം ലോകത്ത് പരക്കണം. മസീഹ് മൗഊദ്(അ) മുഖേന യഥാർഥ പെരുന്നാളിന്റെ സന്തോഷങ്ങൾ ഉമ്മത്തിന് ലഭിക്കണം. അതിനുവേണ്ടി, അല്ലാഹു വാഗ്ദാനം ചെയ്ത ആ സമ്മേളനം കാണാൻ നമ്മളിലോരോരുത്തരും കഴിവിന്റെ പരമാവധി തബ്‌ലീഗ് ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

അല്ലാഹു ഈ വാഗ്ദാനമനുസരിച്ച് നമ്മുടെ ശ്രമത്തെക്കാളുപരി ഇക്കാലത്ത് നമ്മെ വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ബഹുദൈവാരാധകരും തൗഹീദിന്റെ മടിത്തട്ടിൽ വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അതിൽ വേഗമുണ്ടാക്കേണ്ട ആവശ്യമുണ്ട്. അന്യാരാധകനായിരുന്നു, ഇപ്പോൾ ബയ്അത്ത് ചെയ്ത് ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലല്ലാഹി ചൊല്ലാൻ തുടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞ് ആഫ്രിക്കയിൽനിന്ന് ധാരാളമാളുകളുടെ കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. ചിലർ വൃദ്ധരാണ്. ഒരാൾക്ക് ക്രൈസ്തവമതത്തിൽ തൃപ്തിയുണ്ടായില്ല. അങ്ങനെ അന്യാരാധകനായി ബിംബങ്ങളെ ആരാധിക്കാൻ തുടങ്ങി. അഹ്മദിയ്യത്തിന്റെ സന്ദേശം കിട്ടി. അദ്ദേഹം പറഞ്ഞു: ഞാൻ മരണത്തിന് അടുത്തെത്തിയിരിക്കുന്നു. എനിക്ക് മതം മാറുക പ്രയാസമാണ്. പക്ഷേ, ഈ സന്ദേശം സത്യമാണ്. ഇതുതന്നെയാണ് തൗഹീദ്. നിങ്ങളുടെ സന്ദേശത്തിൽ എനിക്ക് തീർച്ചയായും സത്യം കാണാൻ കഴിയുന്നുണ്ട്. എന്റെ മക്കൾ ഈ സന്ദേശം സ്വീകരിച്ചിരിക്കുന്നു. എന്റെ തലമുറ ഈ തൗഹീദിൽ നിലകൊള്ളുന്നവരാകാൻ ഞാൻ ദുആ ചെയ്യുന്നു!

ഈ വിപ്ലവങ്ങളും അല്ലാഹു ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഇതിനുവേണ്ടി നമ്മളിൽനിന്നുണ്ടാകേണ്ട ശ്രമം മുമ്പത്തേതിനേക്കാൾ കൂടുതലുണ്ടാകേണ്ടതാണ്. അല്ലാഹു നമ്മുടെ മനസ്സുകളിൽനിന്ന് ഭൗതികതയുടെ കലർപ്പ് അകറ്റുമാറാകട്ടെ. നമ്മുടെ മനസ്സുകളിൽ അവന്റെ സ്നേഹത്തിന് ഇടം നല്കുമാറാകട്ടെ. തന്റെ ദീനിനേയും തന്റെ പ്രതാപത്തേയും തന്റെ അഭിമാനത്തേയും ലോകത്ത് പ്രചരിപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യവും സ്ഥാനവും ലോകത്തോടു പറയുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തിയാക്കുവാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ മനസ്സുകളേയും അല്ലാഹു തന്റെ സ്നേഹം കൊണ്ട് നിറയ്ക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ അൽവസിയ്യത്തിൽ വിവരിച്ചിട്ടുള്ള ഈ ഉപദേശമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകട്ടെ. അതിൽ അവിടന്ന് പറഞ്ഞു: "ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന എല്ലാ ആത്മാക്കളേയും, യൂറോപ്പാകട്ടെ ഏഷ്യയാകട്ടെ, സദ്പ്രകൃതം ഉൾക്കൊള്ളുന്ന എല്ലാവരേയും തൗഹീദിലേക്ക് വലിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു; തന്റെ ദാസരെ ഓരേയൊരു മതത്തിൽ സംഘടിപ്പിക്കാനും. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. അതിനാണ് ഞാൻ ലോകത്ത് അയക്കപ്പെട്ടിട്ടുള്ളത്. പറയുന്നു. "അതിനാൽ നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക" അതായത് മൃദുലതയോടും സൽസ്വഭാവത്തോടും ദുആകളിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടും ഈ ഉദ്ദേശ്യം പൂർത്തിയാക്കാൻ ശ്രമിക്കുക.' (അൽവസിയ്യത്ത്, റൂഹാനീഖസാഇൻ, വാള്യം 20, പേജ് 306– 307)

സ്വന്തം മാതൃകകൾകൊണ്ട് അവിടത്തെ ഉദ്ദേശ്യം നിറവേറ്റുന്നതിനും അവിടത്തെ സഹായികളാകുന്നതിനും അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ; ഇസ്‌ലാമിന്റെ വിജയം ഉണ്ടാകുകയും തൗഹീദിനുമേൽ ലോകസമ്മേളനം നടക്കുകയും നമ്മൾ യഥാർഥ പെരുന്നാളിന്റെ സന്തോഷം കൊണ്ടാടുകയും ചെയ്യുന്നവരാകാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനു വിധിക്കപ്പെട്ടിട്ടുള്ള ആ പെരുന്നാൾ കാണുന്നവരാകാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

ഇതിനുശേഷം നമ്മൾ ദുആ ചെയ്യുന്നതായിരിക്കും. ദുആയ്ക്കു മുമ്പേ ഞാൻ നിങ്ങൾക്കും ലോകത്തുള്ള സകല അഹ്മദികൾക്കും ഈദ് ആശംസിക്കുന്നു. ഈദ് മുബാറക്! ദുആയിൽ അല്ലാഹുവിനുവേണ്ടി തടവറയിൽ കഴിയുന്ന അസീറാനെ രാഹെ മൗലായെ ഓർക്കുക. അവർ ചിലയിടങ്ങളിൽ കഠിനമായ പീഢനങ്ങളാണ് ജയിലുകളിൽ സഹിക്കുന്നത്. ശുഹദാക്കളുടെ ഭാര്യമാരേയും കുട്ടികളേയും ഓർക്കുക. ജമാഅത്തിന്റെ സേവകരേയും വാഖ്ഫീനെ സിന്ദഗിയേയും ദുആകളിലോർക്കുക. മുബല്ലിഗുമാരെ ദുആകളിലോർക്കുക; അവർ വിവിധ സ്ഥലങ്ങളിൽ ഇസ്‌ലാമിക പ്രബോധനം എന്ന നിർബന്ധ കടമ നിറവേറ്റി വരികയാണ്. അല്ലാഹു അവരിൽ തന്റേടവും ഉണ്ടാക്കുമാറാകട്ടെ. അവരിൽ കൂറും ഉണ്ടാക്കുമാറാകട്ടെ. അവരിൽ ആദ്യത്തെക്കാളുപരി ആവേശവും ഉണ്ടാക്കുമാറാകട്ടെ; തൗഹീദിന്റെ സന്ദേശം, എവിടെയൊക്കെയാണോ അവർ നിയമിതരായിട്ടുള്ളത് അവിടെ എല്ലാ ഓരോരുത്തർക്കും എത്തിക്കുന്നവരാകട്ടെ. ഈ ഭക്ഷണത്തളിക വിതരണം ചെയ്യുന്നവരാകട്ടെ. എല്ലാ അഹ്മദികൾക്കും വേണ്ടി പൊതുവായ നിലയിലും ദുആ ചെയ്യുക. അല്ലാഹു എല്ലാവരേയും അവന്റെ കാവലിൽ വെക്കുമാറാകട്ടെ. അസൂയാലുക്കളുടെ ഉപദ്രവത്തിൽനിന്ന് സുരക്ഷിതരാകട്ടെ. മുസ്‌ലിം ഉമ്മത്തിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്കും ബുദ്ധിയും ഗ്രാഹ്യവും ബോധവും നല്കുമാറാകട്ടെ. മസീഹ് മൗഊദിനെ വിശ്വസിക്കുന്നവരാകട്ടെ. ദജ്ജാലിന്റെ വലയിൽകുടുങ്ങിക്കിടക്കുന്നവരെ അതിൽനിന്ന് പുറത്തുകൊണ്ടുവരുമാറാകട്ടെ. കളഞ്ഞുപോയ തങ്ങളുടെ പ്രതാപം വീണ്ടും സ്ഥാപിക്കുന്നവരാകട്ടെ. ദുആ ചെയ്യുക. *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ് അസ്സലാമു അലയ്ക്കും.*

## ത്വാലിബെ ദുആ

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin